†

ഏൽത്തുരുത്തു ആശ്രമത്തിന്റെ

സപ്തതി

സ്മാരകം.

പ്രസ്തുത ആശ്രമത്തിന്റെ
ആരംഭമായ കവുരിവു മുതൽ കൻറവു
വരെയുള്ള ചരിത്രം

DHARMARAM COLLEGE
LIBRARY
BANGALORE

ഏൽത്തുരുത്ത


സി. യൌസേപ്പിൻ കരകൌശല
ശാല പ്രസ്സിൽ പതിച്ചതു.

൧൯൨൬

DHARMARAM COLLEGE LIBRARY
Ac. No 41003
Call No K90.21/EL.82



701
XXII



സ്വർണ്ണജൂബ്ലി

സ്മാരകം.

പ്രസ്തുത ആശ്രമത്തിന്റെ
ആരംഭമായ വൃശ്ചികവ്യ മുതൽ കന്നിവ്യ
വരെയുള്ള ചരിത്ര
സംക്ഷേപം.

DHARMARAM COLLEGE
BANGALORE
HOUSE OF STUDIES S.T.O.C.D.
CANCELLED
MANGALORE

ശ്രേഷ്ഠാനുമതിയോടെ
വി. യൌസേപ്പിൻ കരകൌശല
ശാല പ്രസ്സിൽ പതിച്ചതു.

ഏൽത്തുരുത്ത

കന്നിവ്യ.

സൂചകം.

ഈ ചരിത്രസംക്ഷേപം ഇതിന്റെ ആദ്യത്തിൽ എല്ലാത്തിലും പ്രധാനിയായി കാണുന്ന എടക്കളത്തൂ ഉഗ്രക്കൻ പൊ. ബ്രം. ഗീവറുഗീസ്സ്മല്പാനച്ചന്റെ കയ്യെഴുത്തു ചരിത്രത്തിൽനിന്നും ഈ ആശ്രമനാളാഗമത്തിൽനിന്നും ഞങ്ങൾ എടുത്തും അതാതു സംഭവകാലങ്ങളിൽ ജീവിച്ചിരിക്കയും അവകളിൽ കൂടുകയും ചെയ്തവരോടു ചോദിച്ചറിഞ്ഞും ചേർത്തുണ്ടാക്കിയതായിരിക്കുന്നു.

ഇതിൽനിന്നു നമ്മുടെ പട്ടക്കാർക്കും ജനങ്ങൾക്കും കത്തോലിക്കാ സത്യവിശ്വാസത്തിലുള്ള സ്ഥിരതയും വെദശ്രേഷ്ഠന്മാരോടുള്ള കീഴ്വഴക്കവും നല്ലകാര്യങ്ങളിൽ തമ്മിലുള്ള സ്നേഹമയും സ്ഥിരതയും ഗ്രഹിച്ചു തങ്ങളുടെ പൂർവ്വന്മാരെ കണ്ടുപഠിക്കുന്നതിനും അവരവഴി ദൈവം നമുക്കുചെയ്ത മനോഹരങ്ങൾക്കു പ്രതിനന്ദി കാണിച്ചു ഉത്തമ ക്രിസ്ത്യാനികളായിട്ടു നടക്കുന്നതിനു ഇടവരുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

എന്ന കടിമ്മ. സ. ൧൮൬൦ ദെപ്നിത്തോർ ജനുവരി ൧൫. പീയൂസ പട്ടക്കാരൻ. ഫർവ്വരിനം ൧൭.

ഏൽത്തുരുത്തു

ശ്രുഡീകരമാതാവിന്റെ സന്ന്യാസാശ്രമ

ചരിത്രസംക്ഷേപം.



ച-ാം അദ്ധ്യായം.

ഒരാശ്രമം പണിക്കായിട്ടുള്ള

ആലോചനകളും വരാപ്പുഴെ എ. പെ. പെ. ബ.

മെത്രാനച്ചനെ ബോധിപ്പിച്ചാറെ ഉണ്ടായ

അനുവാദവും മറ്റും.



ച. ഒരാശ്രമത്തിന്റെ കാരണം മാന്നാനത്തെ ആദ്യ ആശ്രമമാണു. എന്തെന്നാൽ ടി. ആശ്രമം അതിന്റെ ആദ്യവിതാക്കന്മാർ ആരംഭിച്ചു നടത്തിവന്നിരുന്നതും അതുകൊണ്ടുള്ള ദൈവസ്തുതിയും ആത്മോപകാരവും മറ്റും ഒരാ പ്രദേശങ്ങളിൽ കേൾവിപ്പെട്ടതിനാൽ ചിലർ അവിടെ ചെന്നു ആ ഗണത്തിൽ ചേർന്നു. മറ്റു ചിലർ ആ സന്ന്യാസാശ്രമവും ക്രമങ്ങളും കണ്ടറിയുന്നതിനും അതിന്റെ ഫലം അനുഭവിക്കുന്നതിനും ആഗ്രഹിച്ചിരുന്നു. ഇവരിൽ കണ്ടശ്ശാംകടവുപള്ളി ഇടവക വടക്കേത്തല തോട്ടുങ്കൽ ബ. വലിയ അന്തോനിയച്ചൻ ക്രിസ്താബ്ദം ൧൮൨൮-ൽ കുറെ നാളത്തെ ധ്യാനം കഴിക്കുന്നതിനായി ടി. ആശ്രമത്തിലേക്കു പോയി. അവിടെ ചെന്നു രണ്ടു മൂന്നു മാസത്തോളം താമസിച്ചു ധ്യാനവും മറ്റും കഴിച്ചാറെ അവിടത്തെ നടപടികളും മറ്റും തനിക്കു വളരെ നല്ലതായി തോന്നിയതിനാൽ തന്റെ സ്വദേശമായ ഒരാ പ്രദേശങ്ങളിലും അപ്രകാരമുള്ള ഒരു ആശ്രമം ഉണ്ടാക്കണമെന്നും ക്രമചട്ടവട്ടങ്ങൾ നടത്തണമെന്നും നിശ്ചയിച്ചു. ഇപ്രകാ

രം ഇട്ടേഹം പിന്തിരിഞ്ഞു വന്നു മറു ശേഷംപേരെയും ഇതിനു ഉത്സാഹിപ്പിച്ചു.

൨. ആയതിനാൽ ൧൭൭൦ ജനുവരി ൨൦-ാംനു- തൃശ്ശൂർ പള്ളിയിൽ പെരുന്നാൾക്കായി പല പള്ളികളിൽ നിന്നും ബ. പട്ടക്കാരും ജനങ്ങളും കൂടിയപ്പോൾ ഒരം കായ്ത്തെക്കുറിച്ചു ആലോചിക്കയും മാന്നാനത്തിലെപ്പോലെ ഒരു ആശ്രമം ഒരം വടക്കെ പ്രദേശത്തു ഉണ്ടാക്കണമെന്നു നിശ്ചയിക്കയും ചെയ്തു. എന്നാൽ ഒരം കായ്യം നടക്കുന്നതിനു ഇടക്കളത്തു ഉൗക്കൻ പെ.ബ. ഗീവറുഗീസ മല്പാനച്ചനും മൂഴിക്കളത്തു പാനികുളം പെ.ബ. മത്തായിമല്പാനച്ചനും ക്രൂടാതെ അസാദ്ധ്യമാണെന്നുകണ്ടു ടി. പെ. ബ. മല്പാനച്ചന്മാരുകൂടി എല്ലാവരെയും ഒരിടത്തുകൂട്ടി ആലോചിച്ചു ഉറപ്പിച്ചതുടങ്ങേണ്ടതാണെന്നഅഭിപ്രായപ്പെട്ടു. ഇപ്രകാരം ടി. പെ.ബ. മല്പാനച്ചന്മാരുടെപക്കലേക്കു ഒരു ബ. പട്ടക്കാരൻ തന്നെപോകണമെന്നതീർച്ചയാക്കയും ആയതിനായിട്ടു അവിടെ കൂടിയിരുന്നവരിൽ ഒല്ലൂരു ഇടവക കിടങ്ങൻ പല്ലിശ്ശേരി ബ. പൌലൊസച്ചനെ നിശ്ചയിച്ചു വിവരങ്ങൾക്കൊക്കെ ഒരു എഴുത്തു അവിടെക്കൂടിയിരുന്നവർ കൊടുത്തു, കല്ലറമ്പിലേക്കു പ്രസ്തുത പെ. ബ. മല്പാനച്ചന്മാരുടെ പക്കലേക്കു അയക്കയും ചെയ്തു.

ഇപ്രകാരം ടി. ജനുവരി ൨൫-ാംനു- ടി. ബ. പൌലൊസച്ചൻ പോയി ടി. പെ. ബ. മല്പാനച്ചന്മാർക്കു എഴുത്തുകൊടുത്തു കായ്ങ്ങളെല്ലാം പറഞ്ഞറിയിച്ചു. പെ. ബ. ഇടക്കളത്തു മല്പാനച്ചൻ കായ്ങ്ങളൊക്കെയും നല്ലതുതന്നെ എങ്കിലും നിവൃത്തിക്കുന്നതിനു വളരെ പ്രയാസമാണെന്നും തുടങ്ങിയശേഷം വീഴ്ച വരുന്നതു വളരെ പോരായ്മയാണെന്നും താൻ തന്റെ ഇരിപ്പിടത്തിൽ ഇരുന്നു ആകുന്ന കായ്യം അനുഷ്ഠിക്കുന്നതല്ലാതെ തന്നെകൊണ്ടു മറ്റൊന്നും ഒക്കു

കയില്ലെന്നും മറ്റും പറഞ്ഞു. ആയിന്നു പെ. ബ. പാനിക്കളും മല്ലാനച്ചനും പല്ലിശ്ശേരി ബ. പൌലോസച്ചനും പൊതുവായിട്ടു ഗ്രണം വരുന്ന കയ്യത്തിൽനിന്നു ഇങ്ങനെ ഒഴിയുന്നതു ശരിയല്ലെന്നും സങ്കടമെന്നും മറ്റും ശേഷം ബ. പട്ടക്കാരുടേയും ജനങ്ങളുടേയും പേർക്കു വളരെ മുട്ടിച്ചു പറകയാൽ താൻ എല്ലാവരേയും വിളിച്ചുകൂട്ടി എല്ലാവരുടേയും അഭിപ്രായപ്രകാരം വേണ്ടുന്നതൊക്കയും നിശ്ചയപ്പെടുത്തി ഏല്പിട്ടുത്താമെന്നും മറെറാന്നിനും തന്നെക്കൊണ്ടു ആകയില്ലെന്നും മറ്റും പെ. ബ. ഇടക്കുളത്തു മല്ലാനച്ചൻ പറഞ്ഞു.

൩. ഇങ്ങിനെ ടി. ഫെബ്രുവരി ൯-൦൩- ൦൩ം കായ്ത്തെക്കുറിച്ചു ആലോചിക്കുന്നതിനു അടുത്ത മാ-൦൩- അരണാട്ടുകരെപള്ളിയിൽ കൂടണമെന്നു ഉദിയമ്പേരൂർ വരെ വടക്കുപുറത്തുള്ള പള്ളിക്കാക്കെല്ലാവർക്കും ടി. പെ. ബ. ഇടക്കുളത്തു മല്ലാനച്ചൻ എഴുതി അറിയിച്ചു. ൦൩ം എഴുത്തുപ്രകാരം അരണാട്ടുകരെപള്ളിയിൽ കൂടിക്കൊള്ളാമെന്നും അതിനു പാടില്ലാത്തവർ ടി. കായ്ങ്ങൾക്കു ശേഷം പേരുകൂടി നിശ്ചയിക്കുന്നതു സന്തോഷപൂർവ്വം സമ്മതിച്ചിരിക്കുന്നുവെന്നും പള്ളികളിൽനിന്നു മറുപടി വന്നു. അപ്രകാരം ടി. മാ-൦൩- അരണാട്ടുകരെ പള്ളിയിൽ ബ. പട്ടക്കാരും ജനങ്ങളും വന്നു കൂടുകയും കൂത്തിയതോട്ടുങ്കൽ തച്ചിൽ പെ. ബ. ഇട്ടിയെര മല്ലാനച്ചനു സൌഖ്യക്കേടായിരുന്നതിനാൽ എല്ലാവരും കൂടി നിശ്ചയിക്കുന്നതു സമ്മതമാണെന്നും മറ്റുമുള്ള എഴുത്തോടുകൂടെ അദ്ദേഹത്തിന്റെ പേർക്കു ടി. ബ. പ്രഞ്ഞുഅച്ചൻ വരികയും ഇങ്ങിനെ പെ. ബ. ഇടക്കുളത്തു മല്ലാനച്ചനും പെ. ബ. പാനിക്കളും മല്ലാനച്ചനും എല്ലാവരും കൂടിആലോചിച്ചു ഒരു സന്ന്യാസാശ്രമം പണിയണമെന്നും ആയതു അരണാട്ടുകരെ സമീപം കായ്ങ്ങാട്ടുകരെ എപ്പുവത്തു

യും എന്നുപറയുന്ന (ഇപ്പോൾ ഏൽത്തുരുത്തുകൊവെന്ത ഇരിക്കുന്ന) സ്ഥലത്തു ആകണമെന്നും നിശ്ചയിച്ചു.

എന്നാൽ അവിടെ പാത്തു കായ്ങ്ങൾ നടത്തുന്നതിന്നു മറ്റൊരുത്തരും ഏൽക്കാത്തതിനാലും താൻ വളരെപേരെ വിളിച്ചുകൂട്ടി ആലോചിച്ചു നിശ്ചയിച്ചകായ്യം നടക്കാത്തതു വളരെ പോരായ്മയും നടക്കുന്നതായാൽ വളരെ ഗുണവും ഉണ്ടാകുമെന്നും താൻ ക്രൂടാതെ നടക്കാൻ പ്രയാസമെന്നും മറ്റും ടി. പെ. ബ. ഇടക്കുളത്തമല്ലാനച്ചൻകണ്ടു അവിടെ ഒരു മുറിയുണ്ടായിരുന്നാൽ താൻ ക്രൂടെ അവിടെ പാത്തു വേണ്ടുന്നവകൾ പറഞ്ഞു നടത്താമെന്നു ഒന്നാമതായി പറഞ്ഞു. ഇതൊട്ടക്രൂടെ ടി. പെ. ബ. രണ്ടമല്ലാനച്ചന്മാരുമുതലായി പതിനാറു അച്ചന്മാർ മാറി മാറി അവിടെപാത്തു കൊള്ളാമെന്നു ഏറ്റു. ആയതിനാൽ പെ. ബ. ഇടക്കുളത്തമല്ലാനച്ചനും ടി. പതിനാറുഅച്ചന്മാരുംകായ്ത്തിന്റെസ്ഥിരതക്കായി ഒന്നു എഴുതി ഒപ്പിട്ടു വെക്കയും ടി. പെ. ബ. മുന്നു മല്ലാനച്ചന്മാർ പറയുംവണ്ണം ശേഷമെല്ലാവരും അനുസരിക്കുന്നുണ്ടെന്നു സ്ഥിരപ്പെട്ടുകയും ഒരും വിപരങ്ങൾക്കെല്ലാം ക്രൂടിയ സംഘക്കാർ എഴുതി ഉടിയമ്പേത്തർമുതൽ വടക്കുപുറത്തുള്ള പള്ളിക്കാരരെ എല്ലാവരെയും അറിയിക്കയും അവർ സന്തൊഷപൂർവ്വം ആയതു സ്വീകരിച്ചു തങ്ങളാലാകുന്ന ചിലവുകളെല്ലാം ചെയ്യാൻ അസുമായിരിക്കുന്നുഎന്നു മറുപടി അയക്കയും ചെയ്തു.

അനന്തരം ഒരും വിപരങ്ങളെല്ലാം കാണിച്ചുകൊണ്ടു ടി. സന്ന്യാസാശ്രമത്തിന്നുവേണ്ടുന്ന സഹായങ്ങളും മറ്റും ചെയ്യെണമെന്നും ഇവർ കായ്ങ്ങളൊക്കയും ബോധിപ്പിക്കുന്നതാണെന്നും മറ്റും ഒരു അപെക്ഷയും എഴുത്തും എഴുതി അന്നു വരാപ്പുഴെ ഭരിച്ചിരുന്ന എ. പെ. പെ. ബ. ലൂദ്വിക്കോസ മെത്രാനച്ചന്നു കൊടുത്തു കായ്ങ്ങൾ ബോ

ധിപ്പിക്കുന്നതിനു പെ. ബ. എടക്കളത്തു മല്ലാനച്ചനേയും പെ. ബ. പാനിക്കുളം മല്ലാനച്ചനേയും ഏല്പിച്ചു സംഘം പിരിഞ്ഞു.

൩. ടി. മാസം ൨൧-ാംനു ടി. മല്ലാനച്ചന്മാർ രണ്ടു പേരും വരാപ്പുഴെ ചെന്നപ്പോൾ എ. പെ. പെ. ബ. ലൂദ്വിക്കോസച്ചനെ ത്രാനച്ചൻ തൽക്കാലം ഇല്ലാത്തതിനാൽ തന്റെ പേക്കിരുന്ന എ. പെ. പെ. ബ. ബെർണർദീനോസച്ചനെ എഴുത്തു കൊടുത്തു കാര്യങ്ങൾ ബോധിപ്പിച്ചാറെ വളരെ സന്തോഷമെന്നും പണികൾ വേഗം നടത്തണമെന്നും മറ്റും വളരെ തൃപ്തിയോടെ വാക്കാലെ കല്പിക്കയും അങ്ങിനെ അവർ സന്തോഷത്തോടെ പിന്തിരികയും ചെയ്തു.

൨-ാം അദ്ധ്യായം.

വാക്കാലുണ്ടായ അനുവാദപ്രകാരം കൊവെന്തസ്ഥലമെ എടുത്തു നടത്തിയ പണികളും, പിന്നീടുണ്ടായ മുടക്കൽ സ്ഥലം കൊടുത്തതും,

൧. കൊവേന്തക്കായി നിശ്ചയിച്ചിരുന്ന പണ്ടാരവക ടി. സ്ഥലം പെ. ബ. എടക്കളത്തുമല്ലാനച്ചന്റെ താല്പര്യപ്രകാരം അല്ലേഹത്തോടുകൂടി വാത്തുവന്നിരുന്ന കല്ലറമ്പു ഇടവക ചക്കാലമറ്റത്തു വക്കീയെസപ്പിന്റെ പേരിൽ അരണാട്ടുകരെ അങ്ങാടിയിൽ കിഴക്കെവരിയിൽ ഇരിക്കും ചിറമ്മൽ ഒസെപ്പ് എന്നു പേരുവെച്ചു ൧൮൭൫ മാർച്ച ൨൨-ാംനു പതിച്ചു. അതിന്റെശേഷം പെ. ബ. ഇടക്കളത്തുമല്ലാനച്ചൻ ടി. സ്ഥലത്തുവേണ്ടുന്നകാര്യങ്ങൾ അന്വേഷിപ്പാൻ തുടങ്ങി. പല പള്ളികളിൽനിന്നും രൂപ പിരി

ച്ചു. ൧൯൨൫ ഏപ്രിൽമാസത്തിൽ ഒരു ബങ്കളാവു പണിയിച്ചു. എന്നാൽ താമസിയാതെ കാററിന്റെയും മഴയും ശക്തിയാൽ അതു കേടുവന്നുപോകയും ടി. പെ. ബ. മല്ലാനച്ചന്റെ തന്നതു മിലവാൽ വീണ്ടും കുറവുതീർക്കയുംചെയ്തു.

൧൯൨൬ ആഗസ്തുമാസത്തിൽ പെ. ബ. എടക്കുത്ത മല്ലാനച്ചന്റെ ബുദ്ധിമുട്ടും മഴയും ഒല്ലൂർപള്ളിക്കാർകണ്ടു യോഗംകൂടി ആ പള്ളിയിൽനിന്നു മാസംതോറും ഓരോ അച്ചനെ ടി. ബങ്കളാവിൽ അയച്ചു താമസിപ്പിച്ചു വേണ്ടുന്ന ചിലവുകൾ ചെയ്തു നടത്തുന്നതിനും നിശ്ചയിച്ചു ടി. ഇടവക ഏല്പുവത്തുങ്കൽ കാട്ടുക്കാരൻ ബ. ഇന്നാശു അച്ചനെ കുറെ രൂപയും കൊടുത്തു കുറെ ക്രെഡിക്കാരോടുകൂടെ അയക്കയും അദ്ദേഹം ടി. പെ. ബ. മല്ലാനച്ചനെ അരണാട്ടുകരെപള്ളിയിൽ ചെന്നുകണ്ടു വർത്തമാനങ്ങളെല്ലാം അറിയിച്ചു സ്ഥലത്തിൽചെന്നു കായ്ങ്ങൾനടത്തുവാൻ തുടങ്ങുകയും ചെയ്തു.

ഇപ്രകാരം മൂന്നുമാസത്തോളം ഒല്ലൂരനിന്നു നടത്തിവന്നതിനോടുകൂടെ മേൽ പറഞ്ഞ ബ. പട്ടക്കാരും വന്നു പാർത്തു കായ്ചെപ്രഷണം ആരംഭിച്ചു. എന്നാൽ കുബ്ബാന ചൊല്ലുന്നതിനു അരണാട്ടുകരെക്കൊ, അരിമ്പൂക്കൊ (മാറാദേശം) പോകെണ്ടിവന്നതുകൊണ്ടു അച്ചന്മാർക്കു പലവിധത്തിലും അസൌകര്യങ്ങൾ നേരിട്ടിരുന്നതിനാൽ പള്ളിയും കൊവെന്തയും പണിയുന്നതിനുള്ള അനുവാദത്തിനു ടി. നവമ്പ്രു മാസത്തിൽ ദിവാൻജിക്കു ഹർജി അയച്ചുവെങ്കിലും യാതൊരു തീർമ്മാനവും കാണാഞ്ഞതിനാൽ റസിഡെണ്ടിനു ഹർജി കൊടുക്കുകയും ആ ഹർജിപ്പുറത്തു ദിവാൻ വേണ്ടുന്ന നടപടികൾ നടത്തി അനുവദിപ്പാൻ ഒരുക്കമാണെന്നു മറുപടി വരികയും ചെയ്തു.

൨. ആയതിനാൽ പണികൾ നടത്തുന്നതിനു ആവ

ശ്യമായ ധർമ്മം ശ്രേഷ്ഠരിക്കുന്നതിലേക്കു പള്ളികൾക്കും മറ്റും ഒരു കല്പനയും, പണികൾ തീരുന്നതുവരെ അപ്പോൾ ഉള്ള ബങ്കളാവിൽ തന്നെ കുർബാനചൊല്ലുന്നതിനു അനുവാദവും തരുന്നതിന്നായി എ. പെ. പെ. ബ. വരാപ്പുഴെ മെത്രാനച്ചനു ഏതാനും പള്ളിക്കാർക്കുടി അപെക്ഷ എഴുതി പെ. ബ. എടക്കളത്തുമല്ലാനച്ചനേയും പെ. ബ. പാനികുളം മല്ലാനയും ഏല്പിച്ചു. എന്നാൽ അവർ ടി. ഡിസംബർ ൨൯-ാംനു പ്രസ്തുത അപെക്ഷസഹിതം എ. പെ. പെ. ബ. മെത്രാനച്ചന്റെ പക്കൽ ചെന്നാറെ ചില അസംബന്ധകാരണങ്ങളാൽ അദ്ദേഹം മുമ്പിലത്തെ സന്തോഷഭാവം വിട്ടു സംസാരിക്കയും ഇതിനു ഇപ്പോൾ ആവിശ്യമില്ലെന്നും മറ്റും പറകയും ഇങ്ങിനെ കായ്സാദ്ധ്യംക്രുടാതെ മടങ്ങിപ്പോരുകയുംചെയ്തു. തൽക്കാലം ടി. മെത്രാനച്ചൻ തടസ്സം ചെയ്വാനുള്ളകാരണം തെക്കും വടക്കും വെവ്വെറെസഭകൾ ഉണ്ടാകാതിരിപ്പാൻ വേണ്ടിയായിരുന്നു എന്നു പിന്നീട്ടുള്ള ചരിത്രംകൊണ്ടുതെളിയുന്നുണ്ടു. മെത്രാനച്ചന്റെരം മുടക്കുനിമിത്തം പണിക്കുമാത്രമല്ല കരം കൊടുക്കുന്നതിനും കൂടെ പ്രയാസമായി തീന്നതിനാലും പള്ളികളിൽനിന്നു യാതൊരു ചിരിവിനും തരമില്ലാതെവന്നതിനാലും പെ. ബ. ഇടക്കളത്തുമല്ലാനച്ചന്റെ സഹായത്താൽ ബ. അച്ചന്മാരിൽനിന്നും മറ്റും വണം പിരിച്ചു കരംകൊടുത്തു സ്ഥലം ഒരു പ്രകാരം സൂക്ഷിച്ചുവന്നിരുന്നു.

ക്രമേണ കായ്യം നോക്കുന്നതിന്നാളില്ലെന്നു തോട്ടങ്കൽ ബ. അന്തൊണിയച്ചൻ കണ്ടു മുവാറ്റുപുഴ ആശ്രമസ്ഥന്നും-ാംനു-ാമനു-ാതനായ ചിലവാൽ ടി. സ്ഥലത്തുവന്നു കായ്യങ്ങൾ നടത്തിവന്നു.

൩. ഇപ്രകാരം നടന്നു വരികയിൽ വീണ്ടും എ. പെ. പെ. ബ. വരാപ്പുഴെമെത്രാനച്ചന്റെ അനുവാദം വാങ്ങുന്ന

തിന്നുവേണ്ട ആലോചന ചെയ്യേണ്ടതിലേക്കായി ടി. കൊ
ചെന്തസ്ഥലത്തിൽ പള്ളികളിൽനിന്നു ബ. പട്ടക്കാരെയും ജ
നങ്ങളേയും ടി. പെ. ബ. എടക്കളത്തു മല്പാനച്ചനും പെ.
ബ. പാനികുളം മല്പാനച്ചനും വിളിച്ചുകൂട്ടുകയും എല്ലാവിധ
രവും കാണിച്ചു ഒക്ടൊബർ ൨൰-ാംനു- ഒരു അപേക്ഷ
ഏഴുതി തോട്ടങ്കൽ ബ. അന്തോണി അച്ചനെ ഏല്പിക്കയും
ടി. ബ. അന്തോണി അച്ചനും ടി. പെ. ബ. മല്പാനച്ചന്മാ
ർ രണ്ടുപേരും മറ്റു ചില ബ. പട്ടക്കാരും ടി. അപേക്ഷ
സഹിതം എ. പെ. പെ. ബ. വരാപ്പുഴെമെത്രാനച്ചന്റെ
വക്കൽ പോകുന്നതിനു പള്ളിപ്പുറത്തുചെന്നു കൂടണമെന്നു
നിശ്ചയിച്ചുപിന്തിരികയുംചെയ്തു. ടി. ബ. തോട്ടങ്കൽ അച്ച
ൻ വരാപ്പുഴക്കുപ്പോയ്പ്പെട്ട എടത്തുരുത്തിയിൽചെന്നപ്പോൾ
സ്വന്തഇടവകയിൽവസന്തബാധിച്ചിരിക്കുന്നു എന്നും അവി
ടെ ഒരു ബ. പട്ടക്കാരൻ ആവശ്യമായിരിക്കുന്നുവെന്നും കേ
ട്ടു ജനങ്ങൾ ഒപ്പുശ്ശമകൂടാതെ മരിച്ചേക്കുമോ എന്നു ഭയ
പ്പെട്ടു അദ്ദേഹത്തിന്റെ പേർക്കു ടി. പള്ളി ഇടവക എ
ല്ലുവത്തിങ്കൽ പാന്തോടൻ ക. ദി. മൂ. സ്. ബ. അന്തോണി
ദേവസ്സിഅച്ചനു ടി. അപേക്ഷകളും൨൰ും കൊടുത്തു വരാ
പ്പുഴക്കു അയക്കയും അദ്ദേഹം ഇടവകയിലേക്കു പിന്തിരി
കയും അവിടെ വസന്തയിൽ ഉൾപ്പെട്ടവർക്കു കുമ്പസാരം
കുർബാന, ഒപ്പുശ്ശമുതലായതു കൊടുക്കയിൽ ആ വ്യാധി ത
നിക്കും പിടിപെട്ട ഭാഗ്യമായിട്ടു കൂടപ്പിറപ്പുകൾക്കു വേണ്ടി
തന്റെ ആത്മാവിനെ മറ്റുള്ള ഏപ്രിൽ ൨൰-ാംനു- സൃ
ഷ്ടിതാവിനു കയ്യാളിക്കയും ചെയ്തു.

ടി. എല്ലുവത്തിങ്കൽ ബ. ദേവസ്സി അച്ചനും ടി. പെ.
ബ. മല്പാനച്ചന്മാർ രണ്ടുപേരും നിശ്ചയിച്ച ദിവസത്തി
ൽ പള്ളിപ്പുറത്തു ചെന്നാറെ ശേഷം പേരെ കാണായ്കയാ
ലും വരാപ്പുഴെ വസന്ത വളരെ ശക്തിപെട്ടിരിക്കുന്നു എന്നു

കേൾക്കയാലും യാത്രയുടരാതെ മടങ്ങിപ്പോരുകയും ചെയ്തു.

ഇതിന്റെശേഷം ടി. ബ. ദേവസ്സി അച്ചനും പനി പിടിച്ചതിനാൽ അല്പേഹം കണ്ടശ്ശാംകടവിൽ പാത്തു കൊണ്ടും പെ. ബ. എടക്കളത്തു മല്പാനച്ചൻ അരണാട്ടുകരെ താമസിച്ചുകൊണ്ടും കൊവെന്തസ്ഥലത്തെ കായ്ങ്ങൾ നടത്തിവന്നിരുന്നു.

ഇങ്ങിനെ നടന്നു വരികയിൽ വേണ്ടുന്ന അനുവാദങ്ങൾ കിട്ടുന്നതിനു എ. പെ. പെ. ബ. മെത്രാനച്ചനായി മുൻ എഴുതിയിരുന്ന അപേക്ഷ ക്ലേലിക്കാരൻവശം കൊടുത്തയക്കുന്നതാണു ഏറ്റവും നല്ലതെന്നു നിശ്ചയിച്ചു ൧൮൭൫ ആഗസ്റ്റ മാസത്തിൽ ടി. എലുവത്തിങ്കൽ ബ. ദേവസ്സി അച്ചനെ പെ. ബ. എടക്കളത്തു മല്പാനച്ചൻ ഏല്പിക്കയും അല്പേഹം ആ അപേക്ഷ അയച്ചാറെ കൊവെന്തയും മറ്റും പണിയുന്നതിനു കല്പന ഉണ്ടാകയും ചെയ്തു.

൨. ആയ്തിനാൽ പണപ്പിരിവിനും കായ്നടപ്പിനും നിവൃത്തിഇല്ലാത്തതിനാലും പെ. ബ. എടക്കളത്തു മല്പാനച്ചൻ മാത്രം കായ്ങ്ങൾ അനുഷ്ഠിച്ചു നടത്തുന്നതിനു ഉണ്ടായിരുന്നതുകൊണ്ടും എന്തുവേണമെന്നു ആലോചിക്കുന്നതിനു അരണാട്ടുകരെ പള്ളിയിൽ കൂടണമെന്നു ൧൮൭൬ നവമ്പ്ര ൫-൦നു ടി. പെ. ബ. മല്പാനച്ചന്മാർ പള്ളികൽക്കു അറിയിച്ചു എല്ലാവരും വന്നുകൂടി ആലോചിച്ചതിൽ ടി. പെ. ബ. മല്പാനച്ചന്മാരൊടുകൂടെ ഏതാനും പട്ടക്കാരും കൂടി എ. പെ. പെ. ബ. മെത്രാനച്ചന്റെ വക്കൽ മൊന്നു കൊവെന്തയും പള്ളിയും പണിയുന്നതിനു ഒരിക്കൽകൂടെ അനുവാദം ചോദിക്കണമെന്നും അനുവാദം കിട്ടാത്തപക്ഷം ടി. പറമ്പുമുതലായ സമസ്തവും വിറ്റുകളയണമെന്നും നിശ്ചയിച്ചു വരാപ്പുഴക്കു പോകുകെണ്ട അച്ചന്മാർക്കു എഴുത്തയച്ചു പിരിയുകയും ചെയ്തു. ഇതുകൊണ്ടും യാതൊരു കായ്

സാദ്ധ്യവും ഉണ്ടായില്ല. ആയതിനാൽ കൊവെന്തസ്ഥല
ത്തു ഒന്നും പണിയരുതെന്നും ആരും പാർക്കരുതെന്നും കല്ല
നയായിരിക്കുന്നതിനാൽ അവിടെയുള്ള കെട്ടിടങ്ങളും മ
റ്റും സൂക്ഷിച്ചുകൊണ്ടു നടത്തുന്നതിനു പ്രയാസമാകകൊ
ണ്ടു അതു വിൽക്കുന്നതിനനുവാദം തരണമെന്നു ടി. രണ്ടു
പെ. ബ. മല്ലാനച്ചന്മാരുംകൂടി എഴുതി ബോധിപ്പിക്കയും
മവ്വരിര - ധനു മന്ന - നു- വിൽക്കുന്നതിനു മറുപടി വ
രികയുംചെയ്തു. അരണാട്ടുകരെ പള്ളിക്കു യാതൊരു പ്രതി
ഫലവുംകൂടാതെ കിട്ടണമെന്നാവശ്യപ്പെട്ടതിനാൽ അതി
മേൽ കടമുണ്ടായിരുന്ന മവൽ ശുപാ ആ പള്ളിയിൽനി
ന്നും വാങ്ങി കൊവെന്തക്കു ആവശ്യപ്പെട്ടപ്പോൾ മടക്കിത്ത
രണമെന്നുള്ള ഉടമ്പടിപ്രകാരം ആ പള്ളിക്കു ടി. സ്ഥലവും
മറ്റും വിട്ടുകൊടുത്തു.

ഇതിന്റെശേഷം കൊവെന്തുപ്പണി വീണ്ടു ആരം
ഭിക്കുന്നതുവരെ ടി. പള്ളിക്കാര പറമ്പിൽ ചില പണിക
ൾനടത്തികൊണ്ടുവന്നു. ഒടുവിൽ സ്ഥലം കൊവെന്തക്കാവ
ശ്യപ്പെട്ടപ്പോൾ ടി. പള്ളിക്കാര നടത്തിയപണികൾക്കും
മറ്റും പ്രതിഫലമായി ആ പള്ളിക്കാക്കു കൊവെന്തവകക്കാ
യി വരിയിട്ടപണം തള്ളിക്കൊടുത്തു സ്ഥലം ഒഴിഞ്ഞു വാ
ങ്ങി.

൩-ാം അദ്ധ്യായം.

വീണ്ടുകൊവെന്തപണിയുന്നതിനു കല്പനകൊടുത്തു കല്ലിട്ടതും, കൊവെന്തപണിതതും റൊക്കൊസ എന്ന ശിശുമെത്രാന്റെ വരവാൽ ഉണ്ടായ കുഴപ്പവും.

൧. ഇതിന്നിടയിൽ കൊവെന്ത പണിയുന്നതിനു മുടക്കി

യിരുന്ന എ. പെ. പെ. ബ. ബർണർദിനൊസ മെത്രാനച്ചൻ ഭരണങ്ങാനം പള്ളിഇടവക പല്ലാട്ട ബ. ഇട്ടീര അച്ചനെ അരണാട്ടകരെ പള്ളിയിൽ വികാരിയായി നിയമിക്കയും അതോട്ടുക്കുടെ കൊവേന്തപ്പണിയുടെ കാര്യത്തിന്നു പട്ടക്കാരൊട്ടും ജനങ്ങളോട്ടുക്കുടി വേണ്ടുന്നവ നടത്തുന്നതിന്നു ഏല്പിക്കയും ചെയ്തു.

ഇക്കാര്യത്തിന്നായി ഒല്ലൂർപള്ളിയിൽ അട്ടേഹവും പ്രധാനപ്പെട്ട പട്ടക്കാരും ജനങ്ങളുംകൂടി ആലോചിച്ചു കൊവന്തെസ്ഥലം മുൻനിശ്ചയിച്ച പണിതുടങ്ങിയിരിക്കുന്ന സ്ഥലം തന്നെ ആകണമെന്നും പള്ളികൾക്കു വരിയിട്ട പണിവേഗം നടത്തണമെന്നും നിശ്ചയിച്ചു. ഈ വിവരം മെത്രാനച്ചനെ അറിയിച്ചാറെ യോഗത്തിൻെറ അഭിപ്രായംതന്നെ മേത്രാനച്ചനും സ്ഥിരപ്പെടുത്തുകയാൽ മുൻപറഞ്ഞവണ്ണം ടി. സ്ഥലം അരണാട്ടകരെപ്പള്ളിക്കാരോട്ടു വീണ്ടുവാങ്ങുകയും ടി. സ്ഥലത്തു ഉണ്ടായിരുന്ന ബങ്കളാവിനും പുരമെക്കുംബാനചൊല്ലുന്നതിന്നു ഒരു കപ്പെള്ളയും മറ്റും ഉണ്ടാക്കി വീണ്ടും വിവരങ്ങൾക്കു മെത്രാനച്ചനെ ബോധിപ്പിക്കയുംചെയ്തു.

പട്ടക്കാരുടെയും ജനങ്ങളുടെയും ഈ നല്ല മനസ്സും ഒരുമയും കണ്ടു സന്തോഷിച്ചു പള്ളി പണിയുന്നതിന്നും മറ്റും വേണ്ടുന്ന അനുവാദങ്ങൾ സർക്കാരിൽനിന്നു വാങ്ങുന്നതിന്നു അരണാട്ടകരെപള്ളി വികാരിക്കും, പള്ളിക്കും മറ്റും കല്പിട്ടുന്നതിന്നു മാന്യാനത്തുകൊവെന്തയുടെ പ്രിയോർ പെ. ബ. ചാവറ കുറിയാക്കോസച്ചനും കല്പനകൊടുത്തു. ദൈവസഹായത്താൽ അധികവിമ്മിഷ്ടംകൂടാതെ സർക്കാരിൽനിന്നു അനുവാദം കിട്ടുകയും [illegible] കുംഭം [illegible]-ാംനു- ടി. പ്രിയോരച്ചനും കണ്ടശ്ശാംകടവു [illegible] ലുവത്തിങ്കൽ ക. ദി. മ്മ. സ. ബ. ദേവസ്സിയച്ചനും കല്പിട്ട

ന്നതിനായി സ്ഥലത്തു എത്തുകയും ചെയ്തു.

അപ്പോൾ പെ. ബ. ഇടക്കുളത്തു മല്ലാനച്ചനും പെ. ബ. പാനികുളം മല്ലാനച്ചനും മറ്റു പട്ടക്കാരും ഇവിടെവന്നുകൂടിയിരുന്നു. വളരെ ശ്ലോഷ്മായിട്ടു ഏറിയ പുരുഷാരത്തോടെ ടി. പ്രിയോരച്ചൻ ടി. നു- കൊവെന്തക്കും പള്ളിക്കും കല്പിട്ട തൽക്കാലത്തേക്കായി ഉണ്ടാക്കിയിരുന്ന കപ്പേളയിൽ അന്നു കുബ്ബാനചൊല്ലുകയും പ്രസംഗം പറകയും ചെയ്തു പിന്തിരിഞ്ഞു.

എന്നാൽ പാത്തു പണിതുടങ്ങുന്നതുവരെ ഞായറാഴ്ചമുതലായ പ്രത്യേകദിവസങ്ങളിൽ ഒല്ലൂർ അരണാട്ടുകരെ എന്ന പള്ളികളിൽനിന്നു അച്ചന്മാരുവന്നു കുബ്ബാനചൊല്ലിയിരുന്നു. പറമ്പു സൂക്ഷത്തിനും മറ്റുമായി അരണാട്ടുകരെ ഏനാക്കാരൻ വാറു എന്നവനു ഏല്പിച്ചു.

൨. കല്പിട്ട വർത്തമാനങ്ങളും മറ്റും വരാപ്പുഴെ മെത്രാനച്ചൻ കേട്ടപ്പോൾ ഉടനെ പാത്തു പണിനടത്തുന്നതിന്നായി പുളിങ്കുന്നു തോപ്പിൽ ബ. ഗീവറുഗീസച്ചനെ അൽമേനിദ്ശക്കാരായ രണ്ടുപേരോട്ടുകൂടെ പള്ളിയും കൊവെന്തയും പണിയിക്കുന്നതിന്നായി സ്ഥലത്തേക്കയച്ചു. എന്നാൽ പണം പിരിയുന്നതിനു താൽക്കാലം പ്രയാസമായിരുന്നതിനാൽ ടി. അച്ചൻ സമീപമുള്ള പള്ളികളിൽ പ്രസംഗവും കുമ്പസാരവും മറ്റും കഴിച്ചുനടന്നിരുന്നു. അതിന്നിടക്കു കിട്ടിയപണംകൊണ്ടു തുരുത്തിന്നു വടക്കുകിഴക്കുള്ള കോൽനിലം വാങ്ങുകയും ആയതിൽ തനതു ചിലവാൽ കൃഷി ഇറക്കുകയും മുഴുവനും നഷ്ടപ്പെട്ടുപോകയും ചെയ്തു. ഇങ്ങിനെ പണിവളരെ സാവധാനത്തിലായിരുന്നതിനാൽ ടി. മെത്രാനച്ചൻ വേഗം പണി നടത്തുന്നതിനു കല്പനയാൽ താല്പര്യപ്പെടുത്തിയിരുന്നു. ആയതിനാൽ വളരെ പ്രയാസപ്പെട്ടു സാമാനങ്ങൾ ശേഖരിപ്പാൻ തുടങ്ങി. എ

ന്നാൽ കോൾകൃഷി നഷ്ടംകൊണ്ടും മറ്റും കരം തീർപ്പാൻക്ര ടെയും പ്രയാസമായിതീരുകകൂ ബുദ്ധിമുട്ടായിതീർന്നു. ആ യതിനാൽ സമീപെ ഉണ്ടായിരുന്ന കൊക്കാലി എന്ന സ്ഥ ലത്തിലെ നെൽകച്ചവടക്കാരുടെ ഒരു പ്രത്യേക സഹായ ത്താലും മറ്റും പണിക്കരുടെ പണപ്പിരിവുണ്ടായി. ഇതി നിടയിൽ ബ. തോപ്പിലച്ചനു സഹായമായിരുന്ന ബ. അ ഗുസ്തീനോസച്ചൻ പോകയും മുഞ്ഞനാട്ടു ബ. മത്തായി അ ച്ചൻ വരികയും ചെയ്തു.

കെട്ടിടങ്ങൾ പണിയിക്കേണ്ട വിധത്തെക്കുറിച്ചും മ റ്റും കണ്ടു നിശ്ചയിക്കുന്നതിനായി ക. ദി. സ. പൈ. ബ. പീലിപ്പോസ് പാദ്രി അച്ചനെ അയക്കുകയും അദ്ദേഹംവ ന്നു ആലോചിച്ചതിൽ തെക്കോട്ട പള്ളിയുടെ മുഖവാരമാ യിട്ടു ആദ്യം കല്ലിട്ടവിധം പണിയുന്നതായാൽ കിഴക്കൻ കാറുകൊണ്ടു വളരെ അസൌകര്യം നേരിടുമെന്നുവെച്ചു കിഴക്കോട്ട മുഖവാരമായി വീണ്ടു അടിസ്ഥാനമിടുകയും മെ ത്രാനച്ചൻ തന്നെ ഒരു പ്ലാനുണ്ടാക്കി അയയ്ക്കുപ്രകാരം പ ണിയിപ്പിക്കുന്നതിനു മുട്ടുചിറപള്ളി ഇടവക പറമ്പിൽ ബ. പോളൊസച്ചനെ ടി. പ്ലാൻ സഹിതം സ്ഥലത്തേക്കു അയക്കയും ചെയ്തു.

എന്നാൽ കൊവെന്ത, പള്ളി, സെമിനാരി, അച്ചന്മാ ർക്കു ധ്യാനംകഴിപ്പാൻ ഒരു മുറി എന്നിങ്ങനെ ര- കെട്ടി ടം പണിയണമെന്നു മെത്രാപ്പോലീത്താച്ചന്റെ പ്ലാൻ ആയിരുന്നതിനാൽ ഒരു നാലു കെട്ടിടത്തിന്റെയും പണി ഒരുമിച്ചു നടക്കുന്നതു പ്രയാസമെന്നു കണ്ടു എല്ലാറ്റിനും അടിസ്ഥാനമിടുകയും കൊവെന്ത ആദ്യവും പള്ളി പിന്നെ യും അതിന്റെശേഷം മറ്റു കെട്ടിടങ്ങളും പണിയുന്നതി ന്നായി നിശ്ചയിച്ചു, ഉദ്ദേശം ൧൮൫൩-ാം വർഷാവസാനെ ത്തിൽ പണി ആരംഭിച്ചു.

൧൮. മവുന്നാംതീൽ ബ. മുഞ്ഞനാട്ട അച്ചനെ മെത്രാപ്പോലീത്താച്ചൻ വിളിക്കയും അദ്ദേഹത്തിന്നുപകരം ആരക്കുഴെ ബ. മടത്തുംചാലിൽ യൌസെപ്പ് മത്തായി അച്ചനെ നിയമിക്കയും ചെയ്തു. ഇദ്ദേഹം വന്നതിന്റെ ശേഷം പള്ളികളിൽ ചുററി നടന്നിട്ടും പണപ്പിരിവു വേണ്ടുവോളം ഇല്ലാഞ്ഞതിനാൽ ടി. ബ. തോപ്പിൽ ഗീവറുഗീസു അച്ചൻ ഉടയമ്പേരൂർമുതൽ വടക്കോട്ടുള്ള പള്ളികളിൽനിന്നു ഒരാണ്ടത്തെ വരവിൽ ചിലവുനീക്കി ബാക്കിയുള്ള പണം കൊവെന്തപണിക്കായി കൊടുക്കുന്നതിന്നു മെത്രാപ്പോലീത്താച്ചൻ അവർകളുടെ ഒരു കല്പന പുറപ്പെടുവിക്കേണ്ടിവന്നു. ൧൮൭൨ വൎഷത്തെ നവധാന്യപിരിവുംനിശ്ചയിച്ചു. ഇങ്ങിനെ കുറെശ്ശെപണം പിരിഞ്ഞു പണിനടന്നുവരികയിൽ ബ. മടത്തുംചാലി അച്ചനെ ധ്യാനത്തിന്നായി വിളിക്കയും ടി. ബ. മുഞ്ഞനാട്ട അച്ചനെ മവുന്നാട്ടിൽ വീണ്ടും സ്ഥലത്തേക്കു മടക്കി അയക്കയും ചെയ്തു.

എന്നാൽ ടി. ബ. മുഞ്ഞനാട്ട അച്ചൻ വന്നിട്ടു ഏറെ താമസിയാതെ വൃശ്ചികമാസത്തിൽ അദ്ദേഹത്തിന്നു ഒരു വനി തുടങ്ങുകയും വനി കുറെ അപകടസ്ഥിതിയിൽ ആയിതീരുകയും ആയതിനാൽ ബ. അന്തോനി ദേവസ്സി അച്ചനെ അദ്ദേഹം ധ്യാനിപ്പിച്ചിരുന്നസ്ഥലത്തുനിന്നു വരുത്തുകയും അദ്ദേഹം വന്നു രോഗിക്കു വേണ്ടുന്ന ശുശ്രൂഷ ചെയ്യുകയും ചെയ്യുവെങ്കിലും മവുന്നാമകരത്തിൽ രോഗി സ്വൎഗ്ഗീയാവിന്റെ തുക്കരങ്ങളിൽ തന്റെ ആത്മാവിനെ കയ്യാളിക്കയും അന്നു കുബ്ബാനചൊല്ലുവാൻ ഉപയോഗിച്ചുവന്നിരുന്ന കപ്പേളയിൽതന്നെ ശവസംസ്കാരം ചെയ്കയുംചെയ്തു. ടി ബ. ദേവസ്സിഅച്ചൻ പറഞ്ഞൊപ്പുചെയ്തിട്ടില്ലായിരുന്നതിനാൽ അദ്ദേഹത്തെവിളിച്ചു തൽസ്ഥാനത്തു ബ. ചാണ്ടി അച്ചനെ അയച്ചു.

൪. ഫ്വന്ത ഇടവം വരെ പള്ളികളിൽനിന്നും ജനങ്ങളിൽനിന്നും പിരിഞ്ഞ പണംകൊണ്ട കൊവേന്തപണി മിക്കവാറും പള്ളിപ്പണി ഏതാണ്ടും കഴിഞ്ഞിരുന്നു. ഇങ്ങിനെ ഈരിക്കെ ഇടവമാസത്തിൽ ശീശ്മമെത്രാനായ റോക്കൊസ് മെത്രാൻ വരികയാൽ പണിപ്പിരിവിന്നു തടസ്സങ്ങൾ നേരിട്ട എന്നു മാത്രമല്ല ടി. ശീശ്മമെത്രാന്റെ സഹായിയായ വലാ ഇടവക തൊണ്ടനാട്ട ബ. അന്തോണി അച്ചനോടുകൂടെ, കൊവെന്തപ്പണി നടത്തുന്നതിന്നും കൊവെന്തയെ രക്ഷിക്കുന്നതിന്നും മറ്റും എല്ലാംകൊണ്ടും യോഗ്യനെന്നു കരുതി തിരിഞ്ഞെടുത്തുവിട്ടിരുന്ന അരണാട്ടുകരെപള്ളിവികാരി ഭരണങ്ങാനം പള്ളി ഇടവക പല്ലാട്ട ബ. ഇട്ടീര അച്ചൻക്കുടെ ചേരുകയും ഒരു നാട്ടുഴുവനും ശീശ്മയിൽ ഉൾപ്പെട്ടുത്തുന്നതിന്നു കഴിയുന്നതു ശ്രമിക്കയും അവർക്കു തടസ്സമായിരുന്ന കൊവെന്തയേയും കൊവെന്തക്കാരെയും നിമ്മൂലമാക്കുന്നതിന്നു ജനങ്ങളെ പ്രോത്സാഹിപ്പിക്കയും ചെയ്യുകൊണ്ടിരുന്നു. ഈ വിവരങ്ങളെല്ലാം അന്നത്തെ ആശ്രമനിവാസികളായ ബ. തോപ്പിലച്ചൻ ചാണ്ടി അച്ചൻ ദേവസ്സി അച്ചൻ എന്നിവരുടെ അറിവിൽ പെട്ടപ്പോൾ അവർ ഇക്കാര്യത്തെപറ്റിആലോചിച്ചു, ശീശ്മക്കാരുടെ ഉപദ്രവത്തിൽനിന്നുരക്ഷിക്കുന്നതിന്നായി തൊട്ടെക്കുട്ട ശങ്കുണ്ണിമേനോൻ ദിവാന്റെ പക്കൽ ഒരു ഹർജി കൊടുക്കയും ആ ഹർജിക്കു അനുകൂലമായ ഒരു കല്പന ഉണ്ടാകയും ചെയ്യുകെങ്കിലും ശീശ്മക്കാർ അതു അനുസരിക്കാതെ വീണ്ടും ഉപദ്രവിക്കുന്നതിലെക്കു വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യുകൊണ്ടിരുന്നു. അതിനാൽ ഒരു ഉപദ്രവങ്ങൾക്കെല്ലാം പ്രധാനി ടി. പല്ലാട്ടച്ചനാണെന്നും മറ്റും കാണിച്ചു വീണ്ടും ഒരു ഹർജി ബോധിപ്പിച്ചു. ആ ഹർജിക്കു വന്ന അനുകൂല ഉത്തരവും പടി അച്ചനെ കച്ചേരി

യിൽവരുത്തി നല്ലനടപ്പിന്നായി ൫൦൦ ക. യിൽ കുറയാതെ ഒരു സംഖ്യക്കു ജാമ്യംവാങ്ങിച്ചു വിടണമെന്നും മറ്റും ആയിരുന്നു. ഒരാം കല്പനനടത്തുന്നതിലെക്കായി സക്കാരുദ്യോഗസ്ഥന്മാർ ടി. അച്ചനെ അന്വെഷിച്ചു നിഷ്ഫലനചെയ്തിരുന്നതിനാൽ കൊവെന്തയോടുള്ള ഉപദ്രവം തൽക്കാലംനിത്തി എങ്കിലും ശീശ്മയിൽ ക്രൂടാതെകണ്ട നിന്നിരുന്ന പള്ളിക്കാരെയും ജനങ്ങളേയും ഉപദ്രവിക്കുന്നതിന്നും അവരെ ശീശ്മയിൽ ചേർക്കുന്നതിന്നും ചെയ്തിരുന്ന ശ്രമങ്ങൾ അതികമായ ഊർജ്ജിതയോടെത്തന്നെ നടത്തികൊണ്ടിരുന്നു. ഇപ്രാരം ശീശ്മഖാധിച്ചിരുന്നുവെങ്കിലും പണപ്പിരിവും പണിനടത്തലും വീഴ്ചവരുത്താതെ നടത്തികൊണ്ട വന്നിരുന്നു.

ഇങ്ങിനെയിരിക്കയിൽ ശീശ്മയുടെ ആരംഭത്തിൽ ഇവിടെനിന്നും പോയിരുന്ന ബ. ചാണ്ടി അച്ചനും ബ. പാറപ്പുറത്തു വക്കീയച്ചനും വന്നു ചേരുകയും ഇവർ മുൻ ഉണ്ടായിരുന്ന ബ. ദേവസ്സി അച്ചനൊരുമിച്ചു ഇവിടെപാത്തു കത്തോലിക്കരുടെ കാര്യാദികൾ അന്വെഷിക്കയും പണി കുറെശ്ശെ നടത്തുകയും ചെയ്തുവന്നിരുന്നു. നമ്മുടെ അച്ചന്മാർ വളരെബുദ്ധിമുട്ടി നടത്തിവന്ന പള്ളികളിൽ പ്രധാനമായവകൾ അരണാട്ടുകരെ തരകന്റെ കപ്പെള്ളയും, പാറപ്പുറം കത്തോലിക്കർ തങ്ങൾക്കായിട്ട ഉണ്ടാക്കിയ കപ്പെള്ളയും, ഒല്ലൂർ കത്തോലിക്കർ അവകാശം പറഞ്ഞെടുത്ത ചെറുപള്ളിയുമായിരുന്നു.

൭. മ്വന്നാ-ാംകാലത്തിൽ ദൈവസഹായത്താൽ ശീശ്മമെത്രാൻ പിന്തിരിഞ്ഞു ബാബെലിലെക്കുപോയതിനാൽ ശീശ്മ ഒന്നു അമരുകയും മ്വന്നാ-ൽ പരിശുദ്ധസിംഹാസനത്തിന്റെ കൊമിസ്സാരിയായ എ. പെ. പെ. ബ. സാബാമെത്രാപ്പോലിത്തായും പൊർത്തുഗാൽ രാജാവിന്റെ മ

൧൭൫൦-ാം ആണ്ടു വന്ന ജനങ്ങളുടെ ആഗ്രഹംപോലെ വൃദ്ധിവസത്തിന്നകം പ്രൊപ്പഗാന്തമിസത്തിൽപെട്ട വരാപ്പുഴെഭാഗത്തിലൊ പൊത്തുഗൽ പതുവാടിൽപ്പെട്ട ഗോവാ ഭാഗത്തിലൊ ക്രൂസ്സിന്നതിന്നുള്ള അനുവാദം കൊടുത്തു ശീശ്മമീക്കയുംചെയ്തു.

൫-ാം അദ്ധ്യായം.

കൊവെന്തസ്ഥാപനവും പള്ളിക്രൂദാശയും ൧-ാം, ൨-ാം, വികാരിമാരുടെകാലസംഭവങ്ങളും സെമിനാരിയുടെ ആരംഭവും.

൧. ൧൬൯൪ ഇടവത്തിൽ ഇവിടെ ക്രമപ്രകാരമുള്ള കൊവെന്തയായിട്ടു സ്ഥാപിക്കയും ബ. മറിയം മത്തായി അച്ചനെ കൊവെന്തയുടെ വികാരിയായി കല്പനകൊടുക്കയും കൊവെന്തക്രമം തുടങ്ങുകയും ചെയ്തുടി. മാസം ൧൫-൦൯- കല്പനപ്രകാരം ടി. കപ്പെള്ളയിൽ ശുദ്ധ. കുബ്പാന എഴുന്നെള്ളിച്ചു വെപ്പാനും മാസത്തിൽ ഒരു ഞായറാഴ്ച വാഴ്ചകൊടുപ്പാനും തുടങ്ങി. ഒരൊ വാഴ്ച കൈക്കൊള്ളുന്നതിനും കുമ്പസാരിച്ചു ശുദ്ധ. കുബ്പാനയുൽക്കൊള്ളുന്നതിന്നുമായി പത്തു പതിനഞ്ചുനാഴികദൂരത്തുനിന്നു ജനങ്ങൾ വളരെ താല്പര്യത്തൊടുകൂടെ വന്നിരുന്നു.

എന്നാൽ പള്ളിപണിക്കു നിവൃത്തിയില്ലാഞ്ഞതിനാൽ പള്ളിയുടെ ഓരൊ കപ്പേളക്കു ൨൫൦ ക. വീതം നിശ്ചയിക്കയും വടക്കുവടിഞ്ഞാറെ കപ്പെള അരണാട്ടുകരെ ചിറമ്മൽ വാവുതരകനും, തെക്കുവടിഞ്ഞാറെറ്റു ഒല്ലൂർ തെറാട്ടിൽ കല്ലുക്കാരൻ അന്തൊണിക്കും, മറ്റെറാറു കപ്പെള പഴയൂർ മാളിയെക്കൽ മക്കളാത്തി ബ. പൌലൊസച്ചനും

ഇങ്ങിനെ ഓരൊരുത്തരെ ഓരൊന്നു ഏല്പിക്കയും പണി വീണ്ടും ആരംഭിക്കയും ചെയ്തു.

പണികൾക്കാവശ്യപ്പെട്ടിരുന്നതിന്നും പുറമെ മുൻ പറഞ്ഞ കോൾനിലം പലകാലങ്ങളിലും നഷ്ടപ്പെട്ടതി നാൽ ചിലവിന്നുവിമ്മിഷ്ടമായി കടംമേടിച്ചും മറ്റും കഴി ച്ചുവന്നു. ടി. വൃശ്ചികം ൨-ാംനു- കൊല്ലംവികാരിഅപ്പസ്തോ ലിക്കായായ എ. പെ. പെ. ബ. കാർളൊസുമെത്രാനച്ചൻ ഒരേണാട്ടുകരെ തരകനെകൊണ്ടു ചികിത്സിപ്പിക്കുന്നതിന്നാ യിരം കൊവെന്തയിൽ വന്നപാത്തു പടിഞ്ഞാറെകെട്ടി ലെ വലിയ മുറിയിൽ ഒരു കപ്പെളയുണ്ടാക്കി അവിടെ ഒരു അച്ചൻ കുബ്ബാനചൊല്ലുകയും അദ്ദേഹം കുബ്ബാന കാണുക യും ദിവസന്തോറും കുബ്ബാന കൈക്കൊള്ളുകയും ചെയ്യുവ ന്നിരുന്നു. അടുത്തിരുന്ന മരണത്തിന്നു ആസുപ്പാട്ട ക്രൂട്ടുകയും ഒരു മാസത്തിന്റെ ശേഷം കൊല്ലത്തെക്കു പിന്തിരഞ്ഞു അ ടുത്തധനുമാസം ൨൪-ാംനു- മരിച്ചു ൨൫-ാംനു- ന. കാ. പി റവി ആകാശത്തിൽ ആഘോഷിക്കുന്നതിന്നു തന്റെ സൃ ഷ്ടിതാവിന്റെപക്കലെക്കു പോകയും ചെയ്തു.

൨൰ ഫവുന്നു൫- ചിങ്ങത്തിൽ ബ. മറിയം മത്തായി (കാ പ്പിൽ) അച്ചൻ തെക്കൊട്ടുക്കു പുതു ക്രീസ്തുവരെ ധ്യാ നിപ്പിക്കുന്നതിന്നു പോയി. ആ ഒരവസരത്തിൽ ടി. പ്രദേശങ്ങളിൽ നിന്നു കുറെ ധർമ്മം പിരിച്ചു മടങ്ങി വന്നു. ഇദ്ദേഹം എത്തിയപ്പോൾ ബ. ചാണ്ടി അച്ചൻ പോകയും പകരം മടത്തുംചാലിൽ ബ. യൌസെപ്പ് മ ത്തായി അച്ചൻ വരികയും മലയാറ്റൂർ, കാഞ്ഞൂർ, കൊര ട്ടി, അമ്പഴക്കാട്ട, പുതുക്കാട്ട മുതലായ പള്ളികളിൽനിന്നു അദ്ദേഹവും, ഒല്ലൂരമുതൽ വടക്കൊട്ടുള്ള പള്ളികളിൽനിന്നു ബ. വികാരി അച്ചനും അന്തൊണി ദേവസ്സി അച്ചനും ത്രേസ്യാ ഗീവറുഗീസ (കീരി) അച്ചനും പണം പിരിച്ചു

പള്ളിപ്പണി നടത്തിവരികയും ചെയ്തിരുന്നു. ഇങ്ങിനെയുള്ള ബുദ്ധിമുട്ടുകളോടുകൂടെ ശീശ്മയുടെ കാലത്തിൽ നമ്മെ ആശ്രയിച്ചുവന്ന പള്ളികളുടെ പ്രത്യേകം തരകന്റെ കപ്പെള്ളയുടെ കയ്യും നടത്തേണ്ടിവന്നതിനാൽ ഉള്ളവായവി മ്മിഷ്ടം വളരെ അധികംതന്നെ ആയിരുന്നു.

൧൬൯൯ കന്നി ൨-ാംനു- പള്ളി പണി തീർന്നു ക്രമാശചെയ്തു പള്ളിയിൽകുമ്പാനയും മുറയും തുടങ്ങി. ഉദ്ദേശം ൧൬൯൯ൽ കോയമ്പത്തൂരമെത്രാനച്ചൻ തന്റെ അധികാരത്തിൽപെട്ട വടക്കുഞ്ഞേരിമുതലായപള്ളികളിൽ വീസിത്തക്കായി വരുന്ന വിവരം വരാപ്പുഴെമെത്രാനച്ചൻ അറിഞ്ഞു നമ്മുടെ സുറിയാനി പള്ളികളിൽപെട്ട മേലാർകോട്ടപള്ളിക്കുടെ വിസീത്തകഴിക്കണമെന്നു ടി. മെത്രാനച്ചനോടു അവശ്യപ്പെട്ടകയും ജനങ്ങളെ ഒരുക്കുന്നതിനു നമ്മുടെ അച്ചന്മാർ ചെന്നു ധ്യാനം കുമ്പസാരം മുതലായതു കഴിച്ചു കയ്യങ്ങളെല്ലാം ശുഭമായി നടത്തിപ്പോരുകയും ചെയ്തു.

൧൬൯൯ാം കാലത്തിലെ ആലോചനക്കു മുറിയം മത്തായി അച്ചൻ പോയി, ടി. ആലോചനയിൽവെച്ചു കുതവറെപള്ളി മംഗലത്തു ബ. യൌസെപ്പ്യാക്കോ അച്ചൻ ൧൭൦൦ കൊവെന്തയുടെ വികാരിയായിട്ടു നിശ്ചയിക്കപ്പെട്ടു.

വൈദ്യവിഷയത്തിൽ പ്രസിദ്ധനായ അരണാട്ടുകരെ ചിറമ്മൽ തരകൻ ൧൭൦൦ കൊവെന്തയുടെ സമീപത്തിലാകകൊണ്ടു ചില അച്ചന്മാരും ശെമ്മാശ്ശന്മാരും ചികിത്സക്കായി പലപ്പോഴും ഇവിടെ വരികയും പോകുകയും ചെയ്തിരുന്നു.

൧൭൦൨- ൽ ഇവിടത്തെ വികാരി അച്ചൻ ആലോചനക്കു പോയി. ആ ആലോചനയിൽ വെച്ചു സഭാവസ്തും അന്നു പഞ്ഞിത്തുണികൊണ്ടായിരുന്നുവെങ്കിലും അ

തുതന്നെയും മുഴുവനും ഇല്ലാതിരുന്നതിനാൽ കുഴത്താരം നീക്കി കപ്പൂസ് ധരിക്കുന്നതിനു അനുവദിക്കയും ഇതോട്ടുകൂടെ മൂന്നുമൂലതൊപ്പി നിത്തലാക്കയും ചെയ്തു. ടി. ആണ്ടു ഇടവം ൧൦൦൯- തൊന്നുറുക്കാരനായ ക. ദി. സ. ബ. തോമാസ് പാദ്രിയച്ചൻ മലയാളം പഠിക്കുന്നതിനു ഇവിടെ വന്നു താമസിച്ചു.

ടി. മാസത്തിൽ തന്നെ ഇവിടെ ജനങ്ങളുടെ ഒരു ധ്യാനം കഴിക്കയും അതിനു സമീപമുള്ള വള്ളികളിൽ നിന്നു ജനങ്ങൾ വന്നു അടുക്കെ പാത്തു ധ്യാനത്തിൽ കൂട്ടുകയും വളരെ ഭക്തിവിനയത്തോടും ഫലപ്രാപ്തിയോടും കൂടെ അവസാനിപ്പിക്കയും ചെയ്തു.

൩രം ദിവസങ്ങളിൽ സഭയുടെ ദലഗാദായിരുന്ന ക. ദി. സ. പെ. ബ. ലെയൊപ്പോൾദ് പാദ്രിയച്ചൻ കൊവെന്തയുടെ വിസീത്തക്കായിവന്നു വിസീത്തകഴിച്ചു പോയി. ടി. കാലം കന്നിമാസത്തിൽ നാല്പതു മണിയാരാധന നമ്മുടെ പള്ളിയിൽ കഴിപ്പാൻ തുടങ്ങി.

൧൮. ക. ദി. മൂ. സഭ ൩രം വിധത്തിൽ മലയാളത്തിൽ സ്ഥാപിച്ചവനും മേൽപറഞ്ഞ കാരണങ്ങളാൽ ൩രം ആശ്രമത്തിനു ആദ്യം തടസ്സം ചെയ്യുവെങ്കിലും പിന്നീട് തക്കസമയത്തു ജാഗ്രതയോടുകൂടെ പണി നടത്തുകയും എന്നു മാത്രമല്ല തന്റെ വിശേഷ നടപടികൊണ്ടും ഉത്സാഹത്തേറിയ ഭരിപ്പുകൊണ്ടും താൻ സ്ഥാപിച്ച ക. ദി. മൂ. സ. സന്യാസികളെക്കൊണ്ടും ൩രം മലയാളത്തിനു മുഴുവനും ഒരു വിശേഷവെട്ടവും വെളിവും കൊടുത്ത മഹാനായ വരാപ്പുഴെ മിസത്തീന്റെ വികാരി അപ്പസ്തോലിക്ക എ. പെ. പെ. ബ. ബസ്ത്യർദിനോസ് മെത്രാപ്പോലീത്ത അച്ചൻ ൧൮൫൫ കന്നി ൫-൦൯- ഏറ്റവും ഭാഗ്യമായ ഒരു മരണത്താൽ തന്റെ ആത്മാവിനെ സൃഷ്ടിതാവിന്റെ കരങ്ങളി

ൽ കയ്യാളിച്ചു. ഇദ്ദേഹത്തിന്റെ മരണം അറിഞ്ഞ ഉട നെ വളരെ വ്യാകുലത്തോടെ ശേഷക്രിയകളെല്ലാം ഇവി ടെ ആഘോഷമായി കഴിച്ചു.

അനന്തരം കന്നി ൧൫-ാംനു- പിയമൂന്ത്കാരനായ ക. ടി. സ. പെ. ബ. ലെയൊനാർദ് പാദ്രിയച്ചനു വരാപ്പുഴെ വികാരി അപ്പസ്തോലിക്കായും ഒലിമ്പ്യാ എന്ന ടിക്കിന്റെ മെത്രാനുമായി റോമയിൽനിന്നു ബുള്ളവരികയും അടുത്ത വൃശ്ചികം ൧൭-ാംനു- വാഴ്ചയേൽക്കുകയും ചെ യ്തു. ൧൨ം മെത്രാനച്ചന്റെ വാഴ്ചക്കായിവന്ന എ. പെ. പെ. ബ. ഷബ്ബന്നാ എന്ന മൈസൂർ മെത്രാനച്ചനും, എ. പെ. പെ. ബ. കനൊസ എന്നതുശ്ശിനാപ്പള്ളിമെത്രാനച്ചനും, എ. പെ. പെ. ബ. ദെപ്പൊമിയെ എന്ന കോയമ്പത്തൂർമെത്രാ നച്ചനും വാഴ്ചകഴിഞ്ഞു ടി. ൧൭-ാംനു- അസുമയത്തോടെ ഇവിടെ വന്നു, ൧൮-ാംനു- കാലത്തു ഇവിടെനിന്നും തങ്ങളു ടെ സ്വന്ത സ്ഥലങ്ങളിലേക്കു യാത്രപുറപ്പെട്ടുപോയി.

൭. ടി. ആണ്ടിൽ നമ്മുടെജനത്തിൽപ്പെട്ട മേൽപറ ഞ്ഞ മേലാർകോട്ടപ്പള്ളി ഭരിക്കുന്നതിനു അവിടത്തുകാർ അച്ചന്മാർ ഇല്ലാത്തതിനാലും ഇവിടത്തുകാർക്കു ഇതു അ കലമുള്ളതും വ്യത്യാസപ്പെട്ടതുമായ സ്ഥലത്തുപോയിരിക്കു ന്നതിനു വളരെ പ്രയാസമായിരുന്നതിനാലും അവിടത്തു കാരായ മൂന്നു പൈതങ്ങളെ ടി. മെത്രാപ്പോലീത്ത അച്ച ന്റെ കല്പന പ്രകാരം പട്ടത്തിനായി ൧൨ം ൰കാവെന്തയിൽ കൊണ്ടുവന്നു പഠിപ്പിച്ചിരുന്നു. ഇവിടത്തെ സെമ്മി നാരിയുടെ ആദ്യവിദ്യാർത്ഥികളും ഇവർതന്നെ ആയിരുന്നു. എൽത്തുരുത്തു സെമ്മിനാരിയുടെ ആരംഭം ഇപ്രകാരത്തെന്ന.

൧൫൯൯-ൽ കൊവെന്തകളിലെ മുഴുവൻ ധ്യാന ത്തിന്റെശേഷം മറുകൊവെന്തകളിൽനിന്നുംവന്ന ബ. അ ച്ചന്മാരോടുകൂടെ ഇവിടത്തെ അച്ചന്മാരും കൂടി മുല്ലശ്ശേരി

പള്ളിയിൽ ധ്യാനം കഴിക്കയും കടശി മെത്രാനച്ചൻ ഇവി
ടെ വന്നു ഏതാനും പേർക്കു ഒപ്പുശ്ലൂമകൊടുത്തു മൂന്നുദിവ
സം കഴിഞ്ഞശേഷം മുല്ലശ്ശേരിയിൽ ചെന്നു വിസീത്ത
കഴിച്ചു ഇവിടെ മടങ്ങിവന്നു ചിങ്ങം ൧൨-ാം നു- ഒല്ലൂ
ചെന്നു വരാപ്പുഴക്കു പോകയും ചെയ്തു.

൩. വരാപ്പുഴെമെത്രാനച്ചനും നമ്മുടെസഭയുടെഭലഗാ
ടായ ക. ദി. സ. പെ. ബ. ലെയൊപ്പോൾദ്ദ് പാദ്രി അച്ച
നും വത്തിക്കാൻ സ്നഹദോസിനു പോകെണ്ടതിലെക്കു
൧൫-ാംനു- ഇവിടെ എത്തി താമസിച്ചതി
ൻറശേഷം ൧൮-ാംനു- കൊക്കാലയിലെക്കു പുറപെട്ടതു
ശ്ശൂർപള്ളി അന്നു ഗോവാഭാഗത്തിലാണു നിന്നിരുന്നതു
എങ്കിലും വികാരി ബ. താണിക്കൽ കോടങ്കണ്ടത്തു പൌലോ
സച്ചൻറെയും പള്ളിക്കാരുടെയും ഇഞ്ചിനീയർ മൊറീസ്
സായ്പിൻറെയും താല്പൎയ്യപ്രകാരം അസ്സമാക്കിയിരുന്ന പന്ത
ലിൽകേറണമെന്നു അപേക്ഷിക്കയും അപേക്ഷപ്രകാരം അ
നുസരിക്കയാൽ അതിശ്ലോഷത്തോടുകൂടെ കൈക്കൊള്ളു
യും വരാപ്പുഴെ ഭാഗത്തു തങ്ങളെ കൈക്കൊള്ളണമെന്നു
അപേക്ഷിക്കയും തൽക്കാലം അനുവാദം ഇല്ലാഞ്ഞതിനാ
ൽ അനുവാദം വാങ്ങി താമസിയാതെ ചെൎത്തുകൊള്ളാമെ
ന്നും പറഞ്ഞു അവിടെനിന്നും ഷൊറവണ്ണൂർക്കു യാത്രയുടങ്ങു
കയുംചെയ്തു.

വരാപ്പുഴെ മെത്രാനച്ചൻറെ യാത്രനിമിത്തം നെരി
ട്ടു മെത്രാസന ഒഴിവിൽ പ്രൊവികാരി അപ്പസ്തോലിക്കു
യായി ക. ദീ. സ. പെ. ബ. പീലിപ്പോസ പാദ്രി അച്ച
നെ നിയമിച്ചു.

൫-ാം അദ്ധ്യായം

൩-ാം, ൪-ാം, വികാരിമാരുടെ കാല
സംഭവങ്ങളും മേല്പുസ്സ്ശ്ശ്ശ്യയുടെ കഴപ്പവും, വിസീത്ത
ദൊരപ്പസ്സോലിക്കായുടെ വരവും, താമസവും,
പിന്തിരിവും, കൊവേന്തയുടെ വ്യവ
ഹാര ആരംഭവും.

—ംംംം—

൧൮ ാവുടെ ഇടവത്തിൽ മടത്തുംചാലിൽ ബ. യൌസേ
പ്പ് മത്തായി അച്ചൻ ൩രം കൊവേന്തയുടെ വികാരിയായി
ട്ടു നിയമിക്കപ്പെട്ടു. ൩രം കാലത്തിൽ ഉണ്ടായിരുന്ന സെമ്മി
നാരിക്കുരായ പൈതങ്ങൾ കൊവേന്തയുടെ പടിഞ്ഞാറെ
കെട്ടിലെ വലിയമൂറ്റായുടെ മുകളിലാണ താമസിച്ചുവന്നി
രുന്നതു ഇവരുടെ കായ്ക്കുപോഷണം ബ. സുനിസ്സ്വാവോസ
ച്ചനും വാഴ്ത്തച്ചനും ഇവർക്കു സഹായിയായി ബ. ളൂവീ
സ് ശമ്മാശ്ശനുമാണ (ഏറണാകുളം വി. അ. എ. പെ. പെ.
ബ. ളൂവീസ മെത്രാനച്ചൻ) നടത്തിവന്നിരുന്നതു.

൧൯ാംനു- മുൻ റോമക്കുപോയിരുന്ന വ
രാപ്പുഴെ മെത്രാപ്പോലീത്താച്ചനും ക. ദി. സ. പെ. ബ.
ലെയൊപ്പോൾദ് പാദ്രി അച്ചനും കൊച്ചിയിൽ എത്തി
യെന്നു കേട്ടപ്പോൾ ഇവിടത്തെ വികാരി അച്ചൻ അവ
രെ കാണ്മാനായി കൊച്ചിക്കു പോയി.

൧൯ാവുടെ മകരത്തിൽ സഭയുടെ ഒന്നാമത്തെ പൊ
തുപ്രീയോദ്ധാരിവിലും പുണ്യത്തിലും ശ്രുതി പ്രാപിച്ച
വനും നാട്ടുകാർക്കും യൂറോപ്യർക്കും ഒരു പോലെ സമ്മ
തമുള്ളവനുമായിരുന്ന ചേനങ്കരി പള്ളി ഇടവക ചാവ
റ പെ. ബ. കുറിയാക്കോസ് ഏല്യാച്ചനവർകൾ മരിച്ചവ
ത്തമാനം അറിഞ്ഞുടനെ ഇവിടെ ശേഷക്രിയകൾ ഘോ
ഷമായി കഴിച്ചു.

41003

ആ മാസത്തിൽ തന്നെ ടി. മെത്രാപ്പോലീത്താച്ചൻ വീസീത്തക്കായി വന്നതുകൊണ്ടു നമ്മുടെ അച്ചന്മാരു ഇവിടെ നിന്നു മുൻ ധ്യാനം കഴിച്ച പള്ളികളിൽചെന്നു മുമ്പിലത്തെ ഒപ്പുശ്ശമാകൈക്കൊള്ളുന്നതിനു ജനങ്ങളെ ഒരുക്കുകയും മെത്രാപ്പോലീത്താച്ചൻ വന്നു ഒപ്പുശ്ശമ കൊടുത്തു ഇവിടെ വന്നു പിന്തിരികയുംചെയ്തു.

൧൯൦ കാലത്തിൽതന്നെ മുൻപറഞ്ഞ സെമ്മിനാരിയുടെ രണ്ടാമത്തെ ഭാഗമായിട്ടു൧൯൦ കൊവേന്തയുടെ ആ ത്തെ കെട്ടിടമായ കിഴക്കേഖണ്ഡങ്ങളുമിൽ മുൻ റോക്കോസ് ശീശ്മമെത്രാനോടു പട്ടമേറ്റ ശെമ്മാച്ചന്മാരെ മെത്രാപ്പോലീത്താച്ചന്റെ കല്പനപ്രകാരം ക്ലാസ്സി പഠിപ്പിനു ആരംഭിച്ചു.

ഇക്കാലത്തിൽതന്നെ ക. ടി. സ. പെ. ബ. ചെലസ്തീനോസ പാദ്രിഅച്ചൻ മലയാളം പഠിക്കുന്നതിലേക്കായി ഇവിടെവന്നു പാത്തു.

൧൯ ഈ ആണ്ടിൽതന്നെ മീനമാസത്തിൽ ഇവിടത്തെ പെ. ബ. വികാരി അച്ചനു തളർവാതം പിടിപെടുകയും രോഗശമനാത്ഥം യൌസേപ്പുതരകൻ അതിജാഗ്രതയോടെ മഹംതൈലവും മറ്റും തയ്യാറാക്കി ചികിത്സനടത്തുകയും കൊവേന്തയിൽനിന്നു വളരെ ചണം ചിലവിടുകയുംചെയ്യുവന്നിരുന്നു. ദീനംനിമിത്തം വികാരിത്വം നടത്താൻ തരമില്ലാതെ വന്നതിനാൽ വികാരിത്വം സംബന്ധമായ മുതലുകളെല്ലാം ന്യ. മാസത്തെക്കു ബ. ദേവസ്സി അച്ചനെ ഏല്പിച്ചു.

൧൯൧ ഇടവത്തിൽ വരാപ്പുഴെ മെത്രാപ്പോലീത്താച്ചനും ക. ടി. സ. പെ. ബ. പീലിപ്പോസു, മർസ്സലിനൊസ (എ. പെ. പെ. ബ. മർസ്സലിനൊസ് മെത്രാനച്ചൻ) എന്ന പാദ്രീ അച്ചന്മാരും നമ്മുടെ കൊവേന്തകളുടെ

DHARMARAM COLLEGE LIBRARY
BANGALORE-29.

വികാരി അച്ചന്മാരും ഒരുമിച്ചു മഞ്ഞുമ്മേൽ ഒരു അസ്സാമാന്യ ഗൂലോചനസംഘം കൂടി അതിൽവെച്ചു പഴയ സ്വായപ്രമാണത്തിൽ ചിലഭേദഗതികൾ വരുത്തുകയും ആയ്യ ടി. പെ. ബ. പീലിപ്പോസു പാദ്രി അച്ചൻ എഴുതി അച്ചടിപ്പിക്കുകയും ചെയ്തു വെങ്കിലും അതു നടപ്പിൽ വന്നില്ല. ഈ ആലോചനസംഘത്തിൽവച്ചു സഭയുടെ ഭലഗാദായി പെ. ബ. പീലിപ്പോസു പാദ്രി അച്ചനും ഈ കൊവേന്തയുടെ വികാരിയായി പെ. ബ. മറിയം മത്തായി (കാപ്പിൽ) അച്ചനും നിശ്ചയിക്കപ്പെട്ടു.

മിഥുനം ൧൰-ാംനു- ടി. ഭലഗാദച്ചനും കു. ടി. സ. പെ. ബ. കുമീലൊസുപാദ്രി അച്ചനും ഒരുമിച്ചു ഇവിടെവന്നു. ടി. ഭലഗാദച്ചനെ വളരെ ആഘോഷമായികണ്ടുണ്ടു. പെ. ബ. കുമീലൊസു പാദ്രി അച്ചൻ സെമിനാരിയുടെ റൈത്തോരായി ഇവിടെതന്നെ താമസിച്ചു. താമസിയാതെതന്നെ ഒരു വസന്ത ആരംഭിച്ചതിനാൽ ഇദ്ദേഹം രോഗികൾക്കു കമ്പസാരവും മറ്റും കൊടുത്തു വന്നിരുന്നു. ദീനമായി കിടന്നിരുന്ന ബ. മടത്തുംചാലിൽ അച്ചൻ ടി. കന്നി ൨൧-ാംനു- പരഗതിപ്രാപിച്ചു. അതെവർഷത്തിൽതന്നെ തുലാമാസത്തിൽ ൦രം കൊവേന്തക്കവേണ്ടിയും ൦രം നാട്ടിനുവേണ്ടിയും വളരെ ബുദ്ധിമുട്ടി വേലചെയ്തുവരിൽ ഒരുവനായ ബ. തോപ്പിൽ ഗീവറുഗീസച്ചൻ പുളിങ്കുന്നിൽവെച്ചു മരിച്ചു വർത്തമാനം അറിഞ്ഞു ഇവിടെ ക്രമപ്രകാരം ശേഷക്രിയ നടത്തി.

൧൯൨൫-ൽ ടി. പെ. ബ. കുമിലോസ് പാദ്രി അച്ചൻ ഇവിടെനിന്നു വിട്ടുപോയി. അനന്തരം അദ്ദേഹത്തിന്റെ അഗാമിയായിതൽസ്ഥാനത്തിൽ ടി. ചിങ്ങം ൧൦-ാംനു- കു. ടി. സ. പെ. ബ. ജെരാർദപാദ്രിഅച്ചൻ വന്നു.

പ്രൊപ്പഗാന്തമിസ്യഭാഗവും വയുവാദ ഭാഗവും എ

ന്നു രണ്ടുഭാഗമായി നടന്നിരുന്ന ഒല്ലൂർ പള്ളിക്കാർ. ൧൭൯൫ മിഥുനം ൨൯-ാംനു- സൊരുമിച്ചു ഒരു പള്ളിയായി നടക്കുന്നതിനാഗ്രഹിക്കയും വാരാപ്പുഴെ മെത്രാന്മാരുടെകീഴ കൊവേന്തകളുടെ ശ്രേഷ്ഠന്മാരു പള്ളിക്കായ്ങ്ങൾ നടത്തി വന്നിരുന്നതിനാൽ അവരുടെ അപേക്ഷ ംരം കൊവേന്തയിൽ അറിയിക്കയും ഇവിടെ നിന്നു ഫെ. ബ. വികാരി ജനരാൾ പീലിപ്പോസ് പാദ്രി അച്ചനും, കമീലോസ് പാദ്രി അച്ചനും ംരം കൊവേന്തയുടെ വികാരി മറിയം മത്തായി അച്ചനും ടി. പള്ളിയിൽചെന്നു അവരുടെ അപേക്ഷപ്രകാരം സൊരുമിപ്പിക്കയും വികാരിയുടെ കായ്ത്തെക്കുറിച്ച് തക്കം വരാതിരിപ്പാൻവേണ്ടി ക. ദി. മ്മ. സ. ബ. ഗ്രീഗോരി മത്തായി അച്ചനെ അവിടത്തെ പുതിയ വികാരിയാക്കയും ഏതാനും മാസം അദ്ദേഹം വികാരിതപം നടത്തുകയും ചെയ്തു. താമസിയാതെ ഉണ്ടായ വസൂരിയുടെ ലഹളയിൽ ക. ദി. മ്മ. സ. ബ. സ്സറിയ അപ്രേം (കളത്തിൽ) അച്ചൻ അവിടെ കുറഞ്ഞൊരുമാസം വികാരിയായിരുന്നു.

൩. ഇങ്ങിനെയിരിക്കെ റോക്കൊസ് ശീശ്മമൂലം ഉള്ളവായ കുഴപ്പങ്ങൾ മുഴുവനും വിട്ടുമാറുന്നതിനു സമയമാകും മുമ്പു ൧൭൯൫ തുലാം ൨-ാംനു- മേലൂസ് എന്ന മറൊരു ശീശ്മമെത്രാന്റെ ശല്യം തൃശ്ശൂർ ആരംഭിച്ചു. ഇതിനുള്ള മുഖ്യ കാരണക്കാരൽ ലാലത്തു പുത്തൻപള്ളി പൂത്തോട്ടത്തിൽ ബ. ഇനാസി അച്ചനാണു. ഇദ്ദേഹം തൃശ്ശൂർ ഗോവാഭാഗപ്പള്ളിയിൽ വികാരിയായിരുന്നപ്പോൾ പള്ളി വരാപ്പുഴെഭാഗത്തിൽ ചേരാതിരിപ്പാൻവേണ്ടി ബാബേൽക്കാരനായ ബ. പീലിപ്പോസ് എന്ന അച്ചനോട ആലോചിച്ചു ബാബേലിലേക്കു എഴുതിയയച്ചു കൊണ്ടാണു ടി. മേലൂസു മെത്രാൻ വരുവാൻ കാരണമായതു. ംരം ശീശ്മയുടെ ആരംഭം വൃശ്ചികമാസത്തിൽ ജനങ്ങളെ കത്തോലി

ക്കാവിശ്വാസത്തിൽ സ്ഥിരപ്പെടുത്തുന്നതിനും മറ്റുമായി നമ്മുടെ അച്ചന്മാർ ഒല്ലൂർപ്പള്ളിയിൽ ഒരു പ്രത്യേകധ്യാനവും പ്രായശ്ചിത്തപ്രദക്ഷിണവും കഴിക്കയും ഒടുവിൽ വരാപ്പുഴെ മെത്രാപ്പോലീത്ത അച്ചൻ വിസീത്തക്കായി ഇവിടെ വന്നു ഇവിടത്തെ ചില സെമ്മിനാരിക്കാർക്കു ആസ്സുപ്പുട്ടി കൊടുക്കയും ഒല്ലൂക്കാരുടെ അസാമാന്യാഘോഷത്തോടു കൂടിയ എതിരേൽപ്പോടെ ഒല്ലൂരിലെന്നു ഏതാനും ശെമ്മാശ്ശന്മാർക്കു ചെറിയപട്ടങ്ങൾ കൊടുക്കയുംചെയ്തു വിസീത്തകഴിച്ചു മടങ്ങിപ്പോയി.

ടി. ശീശുമേലൂസുമെത്രാനച്ചൻ വരുന്നു എന്നു കേട്ടപ്പോൾ കത്തോലീക്കാവിശ്വാസത്തിന്റെയും മറ്റും സ്ഥിരമായതും ഉർജിതയായതുമായ നടപടിക്കായി തൃശ്ശൂർക്കു ഏറ്റം അടുത്ത ഒല്ലൂപ്പള്ളിയിൽ ന. സഭക്കാരൻ ടി. ബ. ശ്രീ ഗോരി മത്തായി അച്ചനെ വികാരി ആക്കി. ശീശുക്കാരനായ മേലൂസ് മെത്രാനച്ചൻ റോമയിലെ അനുവാദത്തോടുകൂടെ വന്നിരിക്കുന്നു എന്നും മറ്റും ചിലർ ഭോഷ്ക്കു പറഞ്ഞു സാധുക്കളായ ജനങ്ങളെ തട്ടിച്ചിരുന്നതിനാൽ അതിന്റെ സത്യം തെളിയിക്കുന്നതിനായി ടി. വികാരി അച്ചനും ജനങ്ങളും റോമക്കു എഴുതി, ൯-൰ പീയുസ്മാർപ്പാപ്പായുടെ, മേലൂസ് ശീശുമെത്രാനു കീഴ്പെടരുതെന്നും വരാപ്പുഴെ വികാരി അപ്പസ്തോലീക്കായ്ക്കു കീഴ്പെട്ടിരിക്കണമെന്നും സാരമായ കൂവ്വത്തെ ഇടവം ൧൦-നു യിലെ 'നെ പ്രൈബെയുത്തിസ...' എന്ന തിരുവെഴുത്തു ജനങ്ങൾക്കു വിശ്വാസം വരുന്നതിനായിട്ടു സക്കാർ വഴിക്കു വരുത്തുകയും അച്ചടിച്ചു പ്രസിദ്ധം ചെയ്യുകയും ചെയ്തു.

കൂവ്വത്തെ തുലാമാസത്തിൽ സെമ്മിനാരിയുടെ റെക്ടോരായിരുന്ന ക. ടി. സ. പെ. ബ. ജരാർദ് വാടി അച്ചൻ പോകയാൽ തൽസ്ഥാനത്തിൽ വിഗാരിയായിരുന്ന

പെ. ബ. കാപ്പിലച്ചൻതന്നെ ജോലികൾ നടത്തിവന്നി രുന്നു. എന്നാൽ ടി. കന്നി ക്രവ-ാംനു- ബ. (ചിറക്കലച്ചൻ) മറിയം പൊലൊസച്ചൻ റൈത്തോരായും, ഏല്യാകാർളോസച്ചൻസഹായിയായും നിയമിക്കപ്പെട്ട വന്നു.

ര. ടി. ശീശ്മയുടെ കായ്ത്തിന്നുവേണ്ടിതിരുസിംഹാസനത്തിൽനിന്നു ബൊംബായുടെ വികാരി അപ്പസ്തോലിക്കയായിരുന്ന എ. പെ. പെ. ബ. ലെയൊൻ മെറിൻ മെത്രാനെ വീണ്ടും ഒരപ്പസ്തോലിക്ക എന്ന സ്ഥാനത്തിൽ നിയമിക്കയും ക്രവന്നെ ഇടവം വന-ാംനു- ഇദ്ദേഹം മാന്നാനത്തു കൊവേന്തയിൽവെച്ചു സുറിയാനിക്കാരുടെ ഒരു പൊതുസംഘം വിളിച്ചുകൂട്ടി ആലോചിക്കയും ചെയ്തു. അതിന്റെ ശേഷം ചിങ്ങമാസം ക-ാംനു- അദ്ദേഹം ഈ കൊവേന്തയിൽ എത്തി, കന്നി ക-ാംനു- ഒല്ലൂർ പള്ളിയിൽ ചെന്നു ഒരു സംഘം കൂട്ടി ആലോചനടത്തിയതിന്റെ ശേഷം വടെം നു- ഇവിടെ വന്നു താമസിച്ചിരുന്നു. തുലാം വ-ാംനു- ഞായറാഴ്ച ഉച്ചതിരിഞ്ഞു ശീശ്മക്കാർക്കു ചില തക്കങ്ങൾ ചോദിക്കുന്നതിന്നു ടി. വിസീത്തൊരിന്റെ അജ്ഞപ്രകാരം ശീശ്മക്കാരും നമ്മുടെ പള്ളി വികാരിമാരും ഒരുമിച്ചു പള്ളിമുഖവാരത്തുകൂടി. ഇവിടെവച്ചു ശീശ്മക്കാർ പല ദുസ്സക്കങ്ങളും ചോദ്യങ്ങളും ചെയ്തതിൽ മുഖ്യം തങ്ങൾക്കൊരു സുറിയാനിമെത്രാനെ കൊടുക്കാത്തതു എന്തുകൊണ്ടാണെന്നായിരുന്നു. ഇതിന്നു നിങ്ങൾ തിരുസിംഹാസനത്തോടു അപേക്ഷിക്കയുണ്ടായൊന്നു ടി. വിസീത്തൊർ മറുപടി പറഞ്ഞു. സാക്ഷാൽ അപേക്ഷിപ്രകാരം ഇപ്പോൾ സ്വജാതിമെത്രാനെ തന്നിരിക്കുന്നതിനാൽ ഉത്തരം ശരിയെന്നുവന്നിരിക്കുന്നു.

ഇദ്ദേഹം ഇവിടെ പാത്തു ശീശ്മ നിമ്മൂലത്തിന്നു ചില വ്യവഹാരങ്ങളും മറ്റും നടത്തി വളരെ എഴുത്തു

കുത്തുകൽ റോമായിലേക്കു അയച്ചുവരികയാൽ എ. പെ. പെ. ബ. പേർസീക്കോ ഈനാസിയോസു എന്ന രണ്ടു മെത്രാനെ തിരുസിംഹാസനത്തിൽനിന്നു വിട്ടുകയും അദ്ദേഹം ഫ്രാൻസ്സിലെ കുംഭം രൂപതാംഗം ഒരു കൊവേന്തയിൽ എത്തി, ടി. വിസീത്തദോരിനെ സന്ദർശിച്ചശേഷം ഉടനെ തന്നെ വരാപ്പുഴക്കു തിരികയും ചെയ്തു.

൭. ടി. മീനം ന്ഥ-ാംന- അരണാട്ടുകരെ ഇടവക ശീശ്മക്കാരായ തോറാട്ടിൽ ക്രുനൻ ബ. യാക്കോ അച്ചൻ, ഇട്ടുളൻ ദേവസ്സിമുതൽപേർ ഒരു കൊവേന്തമേൽ തങ്ങൾക്കു അവകാശം സ്ഥാപിച്ചുകിട്ടേണ്ടതിലേക്കായി ജില്ലാക്കോർട്ടിൽ കൊടുത്ത അന്യായം ബന്ധിച്ചുള്ള സമൻസ്സ് ഇവിടെ കൈപ്പറ്റി. ഒരു വ്യവഹാരാർത്ഥം വളരെ ദ്രവ്യവ്യയവും ബുദ്ധിമുട്ടും സഹിക്കേണ്ടതായി വന്നുകൂടിയെങ്കിലും ദൈവസഹായത്താൽ അന്യായം തള്ളുകയും ഇങ്ങിനെ കേസിന്റെ അവസാനം കൊവേന്തക്കു ഗുണകരമായി തീരുകയും ചെയ്തു.

മേല്പുസു ശീശ്മമെത്രാന്റെ സഹായമെത്രാനായിരുന്ന എ. പെ. പെ. ബ. യാക്കോബു മെത്രാനച്ചൻ മനസ്സു തിരിഞ്ഞു ഇങ്ങോട്ടു വരുന്നതിനു ഒരുങ്ങിയിരിക്കുന്ന വിവരം വിസീത്തദൊരുപ്പസ്സോലിക്കായോടുക്കുടെ ഇവിടെ പാത്തിരുന്ന ബ. നിധിയിരിക്കൽ മാണി അച്ചനെ അറിയിക്കയും അതനുസരിച്ചു കുക്കിടകം രൂ-ാംന- തൃശ്ശൂർനിന്നും അദ്ദേഹത്തെ ഒല്ലൂർപള്ളിയിലേക്കു മാറി താമസിപ്പിക്കയും ടി. ചിങ്ങം രൂ-ാംന- ഇവിടെവന്നു താമസിക്കയും ചെയ്തു.

൯. വിസീത്തദൊരുപ്പസ്സോലിക്കായുടെ വസീത്ത കായ്ത്തിന്റെ തീർമ്മാനമായി വരാപ്പുഴെനിന്നുതന്നെ ഒന്നുകൂടി ഭരിച്ചുനോക്കണമെന്നും ആയതിനു ക. ടി. സ. പെ.

ബ. മർസ്സലിനോസു പാദ്രി അച്ചൻ സുറിയാനിക്കാക്ക പ്രത്യേക മെത്രാനായി രിക്കണമെന്നും ഉള്ള ഒരുകല്പന ൈകന്നി ൧൮൭൦-ാം ൟ- ടി. വിസീത്ത ൈരിന്നുകിട്ടി. അയ്യിനാൽ അദ്ദേഹം പുറപ്പെട്ടന്നതിന്നുമുമ്പ നന്ദിപറയുന്നതിന്നു ജനങ്ങളുടെയും പട്ടക്കാരുടെയും ഒരുയോഗം ടി. ൨൦൧൭- ഇവിടെ ആശ്രമശ്രേഷ്ഠൻ വിളിച്ചുകൂട്ടുകയും പാട്ടവപ്പു, വാഴ്ത്തു, പ്രസംഗം മുതലായ ആലോഷകമ്മങ്ങളുടെ ശേഷം കൂടിയിരുന്ന മഹായോഗസഹിതം മെത്രാനച്ചനു ഉപകാരസ്മരണപറകയും കുരിശ്ശു മോതിരം മുതലായ സമ്മാനം സമ്പ്രദായം പിരികയും ചെയ്തു.

ഇങ്ങിനെ ടി. വിസീത്തൈരിന്ന അപ്പൊസ്തോലിക്കാ ൧൮൭൦ മാസം ൧൫ കൊവേന്തയിൽ പാക്കയും ടി. ൨൭-ാം ൟ- മുൻ തൃശ്ശൂരനിന്നു മനസ്സുതിരിഞ്ഞു വന്നിരുന്ന എ. പെ. പെ. ബ. യാക്കോവു മെത്രാനച്ചനേയും കൂട്ടി തന്റെ സ്വന്തസ്ഥലമായ ബൊംബായിലേക്കു പിന്തിരികയും ചെയ്തു.

൯-ാം അദ്ധ്യായം.

ൈ-ം ൯-ം ൈ-ം ശ്രേഷ്ഠന്മാരുടെ കാലസംഭവങ്ങളും കൊവേന്ത വ്യവഹാരഭരണവും വരാപ്പുഴെ മെത്രാന്റെ അധികാരത്തിൽനിന്നു സുറിയാനിക്കാരെ തിരിച്ചതും സെമ്മനാരി, സ്കൂൾ ആക്കിയും.

൧. മുൻപ്രസ്ഥാപിച്ച തീർമ്മാനപ്രകാരം ൈ- തുലാം ൨൭ ൧൮൭൦- ക. ടി. സ. പെ. ബ. മർസ്സലിനോസു പാദ്രി അച്ചൻ വരാപ്പുഴെ മെത്രാപ്പോലീത്തായുടെ സഹായമെത്രാന്റെ സ്ഥാനത്തിൽ സുറിയാനിക്കാരുടെ പ്രത്യേകഭ

രണത്തിന്നായി മെത്രാൻപട്ടംഏറ്റ മുൻപറഞ്ഞ മഞ്ഞു മേൽ ക്കൂടിയ ആലോചനയുടെ ശേഷം ,ഉണ്ടാക്കിയ പുതിയ ന്യായപ്രമാണത്തെക്കുറിച്ചുള്ള ആവലാധിയും മറ്റും തീർക്കുന്നതിന്നു ടി. ധന്യ ഫ-ാംനു- ക്രുനമ്മാവുങ്കൽ വച്ചു ടി. മെത്രാനച്ചൻ കൊവേന്തകളുടെ ശ്രേഷ്ഠന്മാരേയും പാട്ടക്കുടിയാന്മാരുടെ അച്ചന്മാരേയും ക്രൂട്ടി ഒരു പ്രത്യേക ആലോചന കഴിച്ചു അച്ചന്മാരുടെ അഭിപ്രായവും ന്യായപ്രമാണവും നോക്കി അയക്കയും ഫ്വവ്വെ മകരം വ-ാംനു- ശ്രേഷ്ഠന്മാരുടെ തിരിഞ്ഞെടുപ്പുകഴിഞ്ഞു പിരികയും ചെയ്തു.

ഇവിടെക്കു വികാരിയായി തിരിഞ്ഞെടുക്കപ്പെട്ടതു ബ. ദേവസ്സി അച്ചൻ ആയിരുന്നു. ഇവിടെ കൊവേന്തയും സെമ്മിനാരിയും ഒന്നിച്ചു നടത്തിവന്നിരുന്നതു മേലാൽ പാടില്ലെന്നും സെമ്മിനാരി പണിതീർത്തു സെമ്മിനാരിക്കാരെ അവിടെക്കു മാറി അവരുടെ ചിലവു കൊവേന്തയുടേതിൽനിന്നു വേർതിരിക്കണമെന്നും തീർമ്മാനംചെയ്കയും കുംഭം ഫ-ാംനു- പുതിയ വികാരി അച്ചൻ കല്പന നടത്തുകയും ചെയ്തു. ൧൦ം തീയതിയിൽതന്നെ പുതിയ മെത്രാനച്ചൻ ഇവിടെവന്നു വിസീത്തകഴിച്ചു വ-ാംനു- ഇവിടെനിന്നും പുറപ്പെട്ടു.

ഫ്വവ്വെ കക്കടകം ന-ാംനു ബ. അല്ഫോൻസച്ചൻ സെമ്മിനാരിയുടെ റെത്തോരായി നിയമിക്കപ്പെട്ടു. ഇതിന്റെ ശേഷംവികാരി ബ. ദേവസ്സി അച്ചനു സുഖക്കേടു നേരിട്ടു കനിമിത്തം ഫ്വവ്വം മിഥുനത്തിൽ വികാരിത്വം മാറി കിട്ടണമെന്നു അപേക്ഷിക്കയും അതനുസരിച്ചു ബ. മർസ്സലിനോസച്ചൻ പ്രൊവികാരിയായി നിയമിക്കപ്പെട്ടകയും ചെയ്തു. ടി. മാസം ശ്രീ. ളൂവീസ് പുണ്യവാളന്റെ തിരുനാളിൽ മുൻ പറഞ്ഞ കൊവേന്തയുടേമേലുള്ള വ്യവഹ

രം ഗ്രണമായി തീർന്നിരിക്കുന്നു.

ടി. ജൂലായമാസത്തിൽ ധ്യാനംകഴിച്ച പള്ളികളിൽ വിസീത്തകഴിക്കുന്നതിനു പെ .ബ. മർസ്സലിനോസ് മെത്രാനച്ചൻവരികയും ആ അവസരത്തിൽ അങ്ങനെ ഇവിടേയുംവന്നു ൧൦൦-പേർക്കു മുമ്പിലത്തെ ഒപ്പുശ്ലൂമായും ഏതാനുംപേർക്കുപട്ടവും കെട്ടുകയുംചെയ്തു. ഫെബ്രുവരി മീനം ൧൫-൦നു- കു. ടി. മൂ. സ.പെ. ബ. ആഗ്രസ്തിനോസുപാദ്രി (ബുത്തൂ) പ്രത്യേക അധികാരത്തോടെ സെമ്മിനാരി പരീക്ഷാർത്ഥം ഇവിടെ വന്നു പരീക്ഷ കഴിച്ചു.

൨. ടി. ആണ്ടു മാന്നാനത്തുകൊവേന്തക്കല്ലിട്ടിട്ടു ൫൦-ാം വർഷമായിരുന്നതിനാൽ അതിന്റെ ജൂബിലിയാഘോഷത്തിനായി കൊവേന്തകളുടെശ്രേഷ്ഠനായിരുന്നവരും മെത്രാനച്ചനൊരുമിച്ചു അവിടെ ക്കൂടി. ഇടവം ൦-൦നു- ജൂബിലി ആഘോഷം കഴിച്ചശേഷം ൯-൦നു- ആലോചന നടത്തുകയും അതിൽവെച്ചു ഇവിടത്തെ വികാരിയായി മുൻപ്രോവികാരിയായിരുന്ന ബ. മർസ്സലിനോസ് അച്ചനെതന്നെ നിശ്ചയിക്കയും ചെയ്തു.

ടി. ജൂലായ ൩-൦നു- ബ. അല്ഫോൻസച്ചൻ സെമ്മിനാരി റെക്ടോർസ്ഥാനം ഒഴിഞ്ഞു ഇവിടെനിന്നു പോയി. തൽക്കാലം വികാരി അച്ചൻതന്നെ ആ കാര്യവും നടത്തിയിരുന്നു.

൩. ലൂസു മെത്രാൻ ഫെബ്രുവരി മീനം ൫-൦നു- ഇവിടെനിന്നു ബാബേലിലേക്കു പോയതിനാൽ നമ്മുടെ അച്ചന്മാർക്കു വളരെ ആശ്വാസമായി. എന്തെന്നാൽ ഒരു മെത്രാൻനിമിത്തമുണ്ടായ ശിശുകാലങ്ങളിൽ കത്തോലിക്കരെ ശീശ്മയിൽനിന്നു രക്ഷിക്കുന്നതിനും നമ്മുടെ പള്ളികളിൽ ശീശ്മക്കാരേറി അവകാശം പിടിക്കാതിരിക്കുന്നതിനും പട്ടക്കാരുടെ ചുരുക്കത്താൽ പള്ളികൾ ഭരിക്കുന്നതി

ന്നും നമ്മുടെ അച്ചന്മാർ വളരെ ബുദ്ധിമുട്ട കഴിക്കുന്നതിനും വ്യവഹാരത്തിൽ ഉൾപ്പെട്ടുന്നതിനും ഇടവന്നിരുന്നു. ൧൦൦൦ം ശീശുയുടെ കാലത്തിൽ പ്രത്യേകമായി നമ്മുടെ അച്ചന്മാർ നടത്തിവന്നിരുന്ന പള്ളികൾ തൃശ്ശൂരത്തെ കത്തോലിക്കാഭാഗം കപ്പേളയും മുക്കാട്ടുകരയും അരുമ്പൂരത്തെയും പള്ളികളുമായിരുന്നു.

ടി. കാലംഇടവം൨൦൯൯-ാംനു- കർദ്ദിനാൾ മെത്രാനച്ചനെ സെമ്മിനാരിയുടെ റൈത്താരായി നിശ്ചയിച്ചു.

൧൮൨൨-ാം കാലം ൧൦൦൦ ആശ്രമദേവാലയത്തിനും മറ്റും കല്ലിട്ടിട്ടു ൩൭-ാം വർഷമായിരുന്നതിനാൽ ആ ആണ്ടത്തെ നാല്പതുമണിയാരാധന പ്രത്യേകവിധത്തിൽ ജൂബിലിയായി ഘോഷിച്ചു.

ടി. മിഥുനം ൨൯-൨൦നു- തൃശ്ശൂക്കാരായ ൨ ആറു പട്ടക്കാരായ ശെമ്മാശ്ശന്മാരു (മണ്ണുക്കാടൻ ഗീവറുഗീസു, ഒല്ലൂക്കാരൻ ഇട്ടിക്കരു) ശീശ്മ വിട്ടുപേക്ഷിച്ചു ഇവിടെ വരുകയും ഇവിടത്തെ ശ്രേഷ്ഠൻ കൊവേന്തയോട്ട ചേർന്ന് ബങ്കളാവിൽ താമസിപ്പിച്ചു വരാപ്പുഴെ എ. പെ. പെ. ബ. മർസ്സലിനോസു മെത്രാനച്ചനെ ബോധിപ്പിച്ചു അവരുടെ കുറ്റങ്ങളും മറ്റും തീർത്തു രണ്ടരവർഷത്തോളം ഇവിടെ താമസിപ്പിച്ചു പ്രത്യേകം വേണ്ടവകകളെല്ലാം പഠിപ്പിച്ചു വുദ്ധനുവത്തിൽ കുമ്പാനപ്പട്ടം എല്പിച്ചു നമ്മുടെ ൧൦൦൦ പള്ളിയിൽ കുമ്പാനചൊല്ലിച്ചു വിട്ടു.

ടി. തുലാംമ൨-൨൦നു- കൊല്ലം മെത്രാനച്ചന്റെ സഹായമെത്രാനയി വന്നിരുന്ന എ. പെ. പെ. ബ. ഫെർദിനന്തു മെത്രാനച്ചനും പിറ്റെദിവസം പള്ളികളുടെ വിസീത്തക്കായി പുറപ്പെട്ട എ. പെ. പെ. ബ. മർസ്സലിനോസു മെത്രാനച്ചനും ഇവിടെ വന്നു. ടി. അവസരത്തിൽ ന. മെത്രാനച്ചൻ ഇവിടത്തെ സെമ്മിനാരിക്കാരിൽ

കുറെ പേർക്കു ൦രം പള്ളിയിൽവച്ചു പട്ടം കൊടുക്കയും ഉണ്ടായി.

൩൰. ൧൮൭൯-ലെ നിശ്ചയപ്രകാരം വ൪ഷം മകരത്തിൽ നടന്ന ആലോചനയിൽവച്ചു ൦രം കൊവേന്തയുടെ വികാരിയായി ബ. മറിയം ഗീവറുഗീസ് (വാറുണ്ണി) അച്ചൻ തിരിഞ്ഞെടുക്കപ്പെട്ടു.

൧൮൭൮ മീനം ൫-൹ റോമക്കു മുൻ അയച്ചിരുന്ന ന്യായപ്രമാണം പരിശോധനകഴിച്ചു മുൻനടപ്പുകൾക്കു വിപരീതമായ ഭേദഗതികളോടെ വരാപ്പുഴത്തെ അഭിപ്രായാനുസരണംവന്നു. ആയതിനാൽ തക്കം ഉണ്ടാക്കിയും തൽക്കാലം ന്യായപ്രമാണം കൈക്കൊള്ളാതെ ചില സംഗതികൾക്കു റോമക്കു എഴുതി അയക്കയും അതിന്റെ ശേഷം തുലാമാസത്തിൽ മറുപടി വന്നപ്പോൾ ക്രമമാവുകൊവേന്തയിൽ എല്ലാവരും കൂടി വളരെ തക്കിച്ചു ചില ഉടമ്പടിപ്രകാരം ഒരു വിധത്തിൽ കൈക്കൊണ്ടു ടി. മാസാവസാനത്തിൽ പിരികയും ചെയ്തു.

൧൮൭൯-ൽ ബ. വാറുണ്ണി അച്ചനെത്തന്നെ ൦രം കൊവേന്തയുടെ പ്രിയോരായിതിരിഞ്ഞെടുത്തു. അതെ കൊല്ലത്തിൽതന്നെ സെമ്മിനാരിറെത്തോരായിരുന്ന ബ. ഫെനറിക്കോസച്ചന്റെ സ്ഥാനത്തിൽ ക. ടി. മ. സ. ബ. മർസ്സലീനോസച്ചനെ നിയമിച്ചു.

൯. ൧൮൭൯-ൽ ബങ്കളൂരിൽ കൂടിയ സൂനഹദോസിൽവെച്ചു ഇന്ത്യായിൽ ഹയരാക്കി സ്ഥാപിക്കയും ഏറെതാമസിയാതെ തന്നെ വരാപ്പുഴെമിസത്തിൽ കൂടിക്കിടന്നിരുന്ന സുറിയാനിലത്തീൻ എന്ന ഇരു റീത്തുകാരെ തമ്മിൽ വേർതിരിക്കയും തൃശ്ശൂർ, കോട്ടയം എന്ന ൨ മിസ്സായി സുറിയാനിക്കാരെ ഭാഗിക്കയും തൃശ്ശൂർ മിസ്സത്തിനു എ. പെ. പെ. ബ. മെത്രാനച്ചനേയും കോട്ടയത്തെ

ക്ക എ. പെ. പെ. ബ. ലവീഞ്ഞുമെത്രാനച്ചനേയും നിശ്ച യിക്കയും ചെയ്തു.

മേൽപറഞ്ഞപ്രകാരം ക്രിസ്തുവന്ന മേടം ൨൦-ാംനു- സൂരി യാനിക്കാർക്ക തനതുവികാരി അപ്പസ്തോലിക്കാമാരെ നിശ്ച യിച്ചതിനുവെഴുത്തുകളിൽവച്ചു തൃശ്ശൂർമിസ്സത്തിലേക്കുള്ള ഇവിടത്തെപ്രിയോരച്ചൻെറപേർക്കും കോട്ടയംമിസ്സത്തി ലേക്കുള്ള മാന്നാനത്തെ പ്രിയോരച്ചൻെറപേർക്കും അയ്യു ന്നത അയ്യത്തിദെലഗാദപ്പസ്തോലിക്ക ഉത്തരക്കടലാസ്സിൽനി ന്നു അയക്കയും അതാതുപള്ളികളിലേക്ക ടി. പ്രിയോരച്ച ന്മാർ അയച്ചുകൊടുക്കയും ചെയ്തു.

ഈ അവസരത്തിൽവച്ചു ഇന്ത്യയുടെ ദെലഗാദപ്പ സ്തോലിക്ക അവർകൾ സഭയുടെ ശ്രേഷ്ഠനായി നിയമി ക്കപ്പെട്ടു.

തൃശ്ശൂർ വികാരിഅപ്പസ്തോലിക്കയായ ന്ി. വ. ടി. ശ്രീ. മെഡ്ലിക്കോട്ട മെത്രാനച്ചനെ കൈക്കൊള്ളുന്നതിനു ജനങ്ങളെയും പട്ടക്കാരെയും ഇവിടെ ക്ഷണിക്കയും വേണ്ടുന്ന ഏർപ്പാടുചെയ്കയും അതിനുള്ള മിലവു പള്ളികളിൽനിന്നു പിരിഞ്ഞുതുകഴിച്ചു ബാക്കി വേണ്ടിവന്നതു ംരം കൊവേ ന്തയിൽനിന്നു ചെയ്കയുംചെയ്തു.

ക്രിസ്തുവ-ധനു ക്രി-ാംനു- ടി. മെത്രാനച്ചൻ തൃശ്ശൂർ വന്നു, അന്നുതന്നെ ഇവിടെ വന്നു പിറെറദിവസം ഒല്ലൂ ർക്ക പോകയുംചെയ്തു.

ക്രിസ്തുവ -ാം കാലത്തിൽ മേല്മസ്സ്മെത്രാനച്ചൻെറ ശീശ്മയിൽപെട്ടിരുന്ന കോട്ടപ്പുടി, മഠം, വേലൂരു മുത ലായ പള്ളിഇടവകക്കാരായ ഏതാനും ശമ്മാശ്ശന്മാരും മ റ്റും മനസ്സുതിരിഞ്ഞു ഇവിടെ വരികയും ടി. മെത്രാനച്ച ൻെറ കല്പനപ്രകാരം ഇവിടെ പഠിച്ചുതുടങ്ങുകയുംചെയ്തു.

ടി. അണ്ടു മേടമാസത്തിൽ കോട്ടയം വികാരിഅ

പ്പസ്തോലിക്കയായ എ. പെ. പെ. ബ. ലവീഞ്ഞുമെത്രാനച്ചനെ അദ്ദ്യം വരുന്നവഴി ഇവിടെ ആഘോഷമായി കൈക്കൊള്ളുകയും ഇവിടെനിന്നു എ. പെ. പെ. ബ. മെഡ്യൂക്കോട്ടൊത്രാനച്ചന്റെ വക്കലേക്കും അവിടെനിന്നു തന്റെ മിസ്സത്തിലേക്കും പോകയുംചെയ്തു.

൪. പുതിയമെത്രാന്മാരുടെ വരവിന്റെശേഷം വ്യവഹാരം അവസാനത്തിൽസെമ്മിനാരിക്കാരെ ഒരുമിച്ചു വീട്ടിലേക്കു വിടുകയും അവരിൽ ചെറുപ്പക്കാരും പഠിപ്പംകുറഞ്ഞവരുമൊഴികെ ബാക്കി എല്ലാവരും മടങ്ങിവരുന്നതു തുടങ്ങുവാൻ പുതിയതായി ഏർപ്പെടുത്തിയിരുന്ന ഹൈസ്ക്കൂളിലേക്കായിരിക്കണമെന്നു അറിയിക്കയുംചെയ്തു. മറ്റവർ ഇവിടെത്തന്നെ വന്നു പഠിക്കണമെന്നു ഏർപ്പാടു ചെയ്തിട്ടുണ്ടായിരുന്നതിനാൽ സെമ്മിനാരിയായിരുന്ന ഒരു സ്ഥലം വുൻ മകരം മുതൽ ഒരു സ്ക്കൂളായി രൂപാന്തരപ്പെടേണ്ടിവന്നു.

൫. മകരത്തിൽ അതുന്നതദൈവാദപ്പസ്തോലിക്കപ്രീയോർജ്ജരനാൽ എന്ന നിലയിൽ കൊവേന്തകളെ സന്ദർശിക്കുന്നതിന്നായി പുറപ്പെട്ടു. ഇദ്ദേഹം അദ്യം വന്നതു ഇവിടേക്കായിരുന്നു. ഇവിടെ വച്ചു ക്രമമ്മാവുകൊവേന്ത വരാപ്പുഴക്കാർക്കു വിട്ടുകൊടുക്കുന്നതിന്നു അദ്ദേഹം ചെയ്തിരുന്ന നിശ്ചയം മുൻ അറിയിപ്പുപ്രകാരം വന്നിരുന്ന ശ്രേഷ്ഠന്മാരോടു രഹസ്യമായി അറിയിക്കയും താമസിയാതെ കല്പന പ്രസിദ്ധപ്പെടുത്തുകയും നമ്മുടെ അച്ചന്മാരും പുതുസന്ന്യാസികളും സാമാനങ്ങളോടുകൂടെ ടി. കൊവേന്തയിൽനിന്നു പുറപ്പെടുകയുംചെയ്തു. ടി. സന്ദർശനാവസരത്തിൽവച്ചു ന്യായപ്രമാണത്തിൽ ചെയ്യേണ്ടതായി കാണുന്ന ക്രിയാതൽകുറവുകൾ ചെയ്യുന്നതിന്നു സഭയിൽ ഏറ്റവും പൂർവ്വന്മാരായ മൂന്നു അച്ചന്മാരെ അങ്ങനെ ഏർപ്പെടുത്തി.

൭-ാം അദ്ധ്യായം.

വ-ം, ൻ-ം ശ്രേഷ്ഠന്മാരുടെ കാല
സംവേങ്ങളം, വിദ്യാഭ്യാസസംക്രമം, കൈത്തൊഴി
ൽശാല, അച്ചുക്കൂട്ടം മുതലായ
സ്ഥാപനങ്ങളും.

ക. ഫവ്വൻ ഇടവത്തിൽ ആലോചനക്ക ശ്രേഷ്ഠന്മാരും മറും മാന്യനത്തുക്കുടി വ ദിവസത്തെ ധ്യാനം കഴിച്ചു മെത്രാന്മാരുടെ കീഴ്നിന്നു സഭ വീങ്ങി ടെലഗാദപ്പസ്സോലിക്കായുടെ കീഴിലായശേഷമുള്ള ഒന്നാമത്തെ ആലോചനയും തിരിഞ്ഞെടുപ്പും കഴിക്കയും ൦൭൩ തിരിഞ്ഞെടുപ്പിൽവച്ചു ബ. യെസുസപ്പ് ജരാർദ്ദച്ചൻ ൦൭൩ കൊവേന്തയുടെ പ്രിയോരായി തിരിഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഫവ്വൻ൦ ഛിങ്ങത്തിൽ ന്യായപ്രമാണത്തിലെ മുൻ പറഞ്ഞ മൂന്നു അച്ചന്മാർ ചെയ്ത ക്രൂത്തൽ കൂവുകളിൽ വല്ല ഭേദഗതികൾ ചെയ്യേണ്ടതുണ്ടെങ്കിൽ ചെയ്യുന്നതിനായി അമ്പഴക്കാട്ടുകൊവേന്തയിൽ ടി. ടെലഗാദപ്പസ്സോലിക്കായുടെ കല്പനപ്രകാരം ഒരു സംഘംകൂട്ടുകയും അതിലേക്ക ടി. പ്രിയോരച്ചനും ക്രൂട്ടനും പോയി കായ്യം നടത്തുകയുംചെയ്തു.

ടി. തുലാമാസത്തിൽ എ. പെ. പെ. ബ. അയ്യത്തി ടെലഗാദപ്പസ്സോലിക്ക രണ്ടാംപ്രാവശ്യം കൊവേന്തകളിൽ വരികയും താമസിയാതെ റോമക്കുപോകയുംചെയ്തു.

ടി. പ്രിയോരച്ചൻ ൯൦-ാമാണ്ടത്തിൽ ചികീത്സക്കായി മദ്രാസിലേക്ക പോയിരിക്കയിൽ തെക്കെക്കോടവ് സംബന്ധിച്ചു അരണാട്ടുകരെ ചിറമ്മൽ തരകനുമായി ഫവ്വൻ൪ കുംഭം ൧൦-ാംനു- വ്യവഹാരം തുടങ്ങുകയും ഏറിയ ബുദ്ധിമുട്ടും പണച്ചിലവും സഹിക്കേണ്ടി വന്നുവെങ്കിലും

ഫൻ൦൦-ത്തിൽ ടി. വ്യവഹാരം അപ്പീലിൽ കൊവേന്തക്ക അനുകൂലമായി തീർപ്പാനിക്കപ്പെട്ടുകയും ചെയ്തു.

ഫ. ടി. പ്രിയോരച്ചൻ ഫ്വൻഫ ഇടവം ഫന്ത-ാംനൂ-ത്തന്റെ രോഗം വർദ്ധിച്ചിരിക്കുന്നു എന്നു കണ്ടു കൊവേന്ത ജോലികളെല്ലാം ക. ദി. മൂ. സ. ബ. കുരിശിന്റെ പീയൂസച്ചനെ ഏല്പിക്കയും ഫന്ത-ാംനൂ- അഗ്രഹിക്കുന്നതു പോലെ വിധത്തിൽ മരിക്കയും ചെയ്തു. ഒരു വിവരം പ്രിയോർ ജനറാൽ ആയ അത്യുന്നത ഒലഗാദപ്പസ്തോലിക അവർകളെ റോമയിലേക്കു സഭയുടെ ഒലഗാദച്ചൻ അറിയിക്കയും അവിടെനിന്നു ടി. ബ. പീയൂസച്ചനെത്തന്നെ കൊവേന്തയുടെ പ്രിയോരായിസ്ഥിരപ്പെടുത്തുകയും ഉണ്ടായി.

ടി. സ്ക്കൂളിലേക്കു ഒരു വർഷത്തേക്കു മാസംതോറും ടി. തൃശ്ശൂർ മെത്രാനച്ചൻ സഹായമായി തന്നിരുന്ന ഫാ കു. ക്രൂശതെയാതൊരു സഹായവും ഇല്ലാതിരുന്നതിനാൽ ഒരു വാദ്ധ്യാനെക്കൊണ്ടുമാത്രം അതിവിസ്തീർണ്ണമായ പ്രയാസത്തോടുംകൂടെ നടത്തിക്കൊണ്ടു വന്നിരുന്നു. എന്നാൽ ടി. മിഥുനം മുതൽ സാക്കാർ ഗ്രാണ്ടു ക്രമമായി അനുവദിപ്പാൻ പാടുള്ളതോളം അനുവദിക്കപ്പെടുകയും അതിൽ വലിയപങ്കു തൽക്കാലവും ഏറെ താമസിയാതെതന്നെ മുഴുവനും കിട്ടിവരികയും ചെയ്തിരുന്നു. ടി. വർഷത്തിൽ എ. പെ. പെ. ബ. ഒലഗാദപ്പസ്തോലിക്കയുടെ അനുവാദപ്രകാരം സ്ഥാപിച്ച വി. യൌസേപ്പിന്റെ കരകൌശലശാലക്കും ഫ്ര കു. പ്രതിമാസം സഹായധനമായി സക്കാരിൽനിന്നു ലഭിപ്പാൻ തുടങ്ങി.

ഫ്വൻഫ മിഥുനത്തിൽ റോമയിൽനിന്നു ന്യായപ്രമാണംവീണ്ടുമച്ചടിച്ചുവരികയും ക. ദി. സ. പെ. ബ. ബണ്ണാർദ്ദ് വാദി (എ. പെ. പെ. ബ. വരാപ്പുഴമെത്രാപ്പോലീത്ത) അച്ചൻ സഭയുടെ പൊതുശ്രേഷ്ഠനായി പ്രൊപ്പഗാന്തസഭ

യാൽ പ്രവർത്തകമായി നിയമിക്കപ്പെട്ടുകയും ചെയ്തു.

ടി. കാലത്തിൽത്തന്നെ യോഗാർത്ഥിസ്ക്കൂൾക്രമം പ്രൊപ്പഗാന്ത അച്ചുക്കൂട്ടത്തിൽ അച്ചടിച്ചുവന്നു.

ഫ്രവൻർ-ൽ പുതിയ ന്യായപ്രമാണപ്രകാരം അമ്പഴക്കാട്ട ആലോചനക്കൂട്ടുകയും അതിൽവച്ചു ഒരാം കൊവേന്തയുടെ ടി. പ്രിയോരച്ചനെത്തന്നെ വീണ്ടും പ്രിയോരായി നിശ്ചയിക്കയുമാണുണ്ടായതു.

ടി. കാലം കക്കടകം ഫ്രാൻ-ാംസ- കമ്മലമഠാവിന്റെ തിരുനാൾക്കു കമ്മലസഭയുടെ സ്വന്തവസ്തുമായ കമ്മലീത്താനിറമുള്ള രോമവസ്ത്രവും നമ്മുടെ സഭക്കു അമ്മലൊരുടയത്തിന്റെ ഓർമ്മക്കായി നീലക്കാപ്പയും പുതിയന്യായപ്രമാണപ്രകാരം ഒരാം കൊവേന്തയിൽ ഉടുപ്പാൻതുടങ്ങി.

൩. ഫ്രവൻർ-ാം കാലത്തിൽ അച്ചുക്കൂട്ടസ്ഥാപനത്തിനു അക്കാലത്തെ സഭയുടെ പൊതുശ്രേഷ്ഠൻ അതുന്നത ദൈവഗാദപ്പസ്സോലിക്കായുടെ അനുവാദം വാങ്ങിവച്ചിരുന്നെങ്കിലും അക്കാലങ്ങളിൽ അതിനു സാധിച്ചില്ല. എന്നാൽ ഫ്രവൻർ-ൽ അച്ചടി പ്രസ് വരുത്തി പണിതുടങ്ങി. ൻ൫ മകരം ഫ്രാൻ-ാംസ- അച്ചുക്കൂട്ടം സ്ഥാപിച്ചു അച്ചടി തുടങ്ങി. ടി. അച്ചുക്കൂട്ടം പിന്നീടു ടി. കരകൌശലശാലയുടെ ഒരു ഭാഗമായി ചേർത്തു

ഇങ്ങിനെ കാര്യങ്ങൾ ഒരു വിധം നടന്നുവരികയിൽ ൻസ-ൽ ഒരാം കൊവേന്തയുടെ വിശേഷമണിമാളികമുഴയുടെ ആധിക്യംകൊണ്ടു കക്കടകം ഫ്രാൻ-ാംസ- രണ്ടാംതട്ടിൽവച്ചു മുഴവനും വീണുപോയി. ഒരാം വീഴ്ചയിൽ പ്രാർത്ഥനമുറിയുടെ തട്ടു പാതിയോളം തകർന്നുപോകയാൽ അന്നേരം സപ്രാ എന്ന കാലത്തെ നമസ്കാരം എത്തിക്കുന്നതിനു അതിൽക്കൂടിയിരുന്ന അച്ചന്മാർക്കു മറ്റും ഒന്നും പറ്റാഞ്ഞതു ഒരു ദൈവകൃപതന്നെ. അതിനോടുകൂടെ പള്ളി

ക്കും കേടുവന്നുവെന്നു ഭയംനിമിത്തം പള്ളിയിൽ പ്രവേശിക്കാതെ അടച്ചിട്ടുകയും പടിഞ്ഞാറെ കെട്ടിൽ വലിയ മുറിയിലും ജനങ്ങൾക്കു വേണ്ടി ചെറിയ സ്ക്കൂളിലും കുബ്ബാന ചൊല്ലിവരികയും ചെയ്തു. ഒരു അവസരത്തിലത്രെ പള്ളിക്കു ചീലാന്തി ഇല്ലാഞ്ഞതിനാൽ കമ്പി ഇട്ടതു. ഇവകൾക്കായി മറ്റു കൊവേന്തകളിൽനിന്നു കുറെ ധനസഹായം ജനങ്ങളുടെ ഔദാര്യപ്രകാരം ഉണ്ടായി.

പ്രവർത്തനം ചിങ്ങം ൯—ാംനു- സഭയുടെ പൊതു ശ്രേഷ്ഠനായിരുന്ന ക. ദി. സ. പെ. ബ. ബെന്നാർദ് പാദ്രി അച്ചന്റെ മെത്രാൻവാഴ്ചക്കു കൊവേന്തശ്രേഷ്ഠന്മാർ ക്ഷണമെന്നു പറഞ്ഞപ്രകാരം ഇവിടത്തെ ശ്രേഷ്ഠനും പോയിരുന്നു.

ടി. കാലം കന്നിമാസത്തിൽ എ. പെ. പെ. ബ ള്ളയീസമെത്രാനച്ചൻ മെത്രാനായി തിരിഞ്ഞെടുക്കപ്പെട്ടു റോമയിൽനിന്നു വരുന്നവഴി ഇവിടെ വരികയും പിറ്റെദിവസം ഒരു അച്ചനുംകൂടി എറണാകുളത്തേക്കു പോകയും ചെയ്തു.

൮. ടി. കാലത്തിൽതന്നെ തൃശ്ശൂർ കോട്ടയം എന്നമിസ്സങ്ങൾ തൃശ്ശൂർ എറണാകുളം ചങ്ങനാശേരി എന്നു മൂന്നു മിസ്സങ്ങളാക്കുകയും, ആയവകൾക്കു നു. സന്തംസുറിയാനിമെത്രാന്മാരെ ഏർപ്പെടുത്തുകയും, അവർ കാണ്ടിയിൽപോയി തുലാമാസം ൨൫-ാംനു- ദെലഗാദപ്പസ്തോലിക്കായേറ്റ വാഴ്ച യേറ്റു വരുംവഴി എറണാകുളം വികാരിഅപ്പസ്തോലിക്കയായ എ. പെ. പെ. ബ. ള്ളവീസ് മെത്രാനച്ചൻ ഇവിടെവന്നുപോകയും തൃശ്ശൂർ വികാരി അപ്പസ്തോലിക്കയായ എ. പെ. പെ. ബ. മേനാച്ചേരി യോഹന്നാൻ മെത്രാനച്ചൻ തൃശ്ശൂർ വന്നതിന്റെ ശേഷം ഇവിടെ വരിക

യും വളരെ ആഘോഷപൂർവ്വം കൈക്കൊൾകയുമുണ്ടായി.

വ്യാം അദ്ധ്യായം.

ക്രി-ം, ക്രി-ം, ക്രി-ം ശ്രേഷ്ഠന്മാരുടെ കാലസംഭവങ്ങളും, മഹാരാജാവിന്റെ വരവും, പ്രാചീനതാരകപ്പത്രവും.

ക. ക്രിവൻ-ൈ കുംഭ്യാസത്തിൽ ഉണ്ടായ ആലോചനയിൽവച്ചു ഒരം കൊവേന്തയുടെപ്രിയോരായി ബ. ശ്രേ. കുബ്ബാ, റപ്പായെലച്ചൻ തിരിഞ്ഞെടുക്കപ്പെട്ടു.

അമ്പഴക്കാട്ടുകൊവേന്തയിൽ പുതുസന്ന്യാസികളായി തൽക്കാലം ചേർന്നിരുന്ന പൈതങ്ങളെ ൯ാം൩- ലെ യോഗാർത്ഥിസ്ക്കൂൾ ക്രമപ്രകാരം പഠിപ്പിക്കുന്നതിന്നായി ക്രുനമ്മാവിങ്കലുള്ള നമ്മുടെ ബങ്കളാവിൽ കൊണ്ടുപോയി പാർപ്പിച്ചു ആദ്യമായി ക്രിവൻർ കന്നിവ്-ാംദ- യോഗാർത്ഥിസ്ക്കൂൾതുടങ്ങുകയും അടുക്കെയുണ്ടായിരുന്ന വരാപ്പുഴെവക ഹൈസ്ക്കൂളിൽപോയിപഠിക്കയും ചെയ്യുവന്നിരുന്നു. ടി. സ്ക്കൂൾ എറണാകുളത്തേക്കുമാറിയതിനാൽ ക്രിവൻ-ധനു ക്രി-ാംദ- ടി. യോഗാർത്ഥികൾ അവിടെനിന്നു മാന്നാനത്തുക്കും ഇവിടേക്കും പിരിഞ്ഞുപോകയും രണ്ടുസ്ഥലത്തിലും യോഗാർത്ഥിസ്ക്കൂൾതുടങ്ങുകയുംചെയ്തു.

൯ാവു കുംഭമാസത്തിൽ ന്യായപ്രമാണത്തിൽ ക്രൂടുതൽകുറവു മയ്യോന്നുള്ളതു ചെയ്യുകയെണമെന്നു വന്ന കല്പനപ്രകാരം എല്ലാകൊവേന്തകളുടേയും ഇവിടത്തെയും ശ്രേഷ്ഠന്മാരും ഓരോ ക്രൂട്ടരുംപോയി വേണ്ടുന്നവകൾ നിശ്ചയിച്ചു ടങ്ങുകയും ആയവ അസ്സലാക്കി എഴുതിതീർത്തശേഷം ടി കല്പന റ.൯ാ-ാംദ- വീണ്ടു എല്ലാവരുംക്രൂടി ഒപ്പിട്ടു അ

യക്കയും ചെയ്തു.

ടി. മാസത്തിൽ പ്രിയോർജനറൽ എ. പെ. പെ. ബ. ബർണ്ണാർദ് മെത്രാപ്പോലീത്താച്ചൻ ഗോവയിൽ പള്ളിക്കു മാശക്കായിപോയി വരുംവഴിയും കൊല്ലത്തെ മെത്രാനച്ചനായ എ. പെ. പെ. ബ. ഫെർദിനന്തുമെത്രാനച്ചനും ഒരു പാടി അച്ചനും മദ്രാസിൽ ചികിത്സക്കായി പോയി മടങ്ങിവരുംവഴിയും ഇവിടെകയറി താമസിക്കയുണ്ടായി.

൯൯ മിഥുനം ന്യ-ാനു- കൊച്ചി മഹാരാജാവുതിരുമനസ്സുകൊണ്ടു കരകൌശലശാലയും മറ്റും സന്ദർശിക്കുന്നതിന്നായി പരിവാരസമേതം വളരെഘോഷത്തോടെ ഉച്ചയോടുകൂടി ംരം കൊവേന്തയിൽ എത്തുകയും ആഘോഷപൂർവ്വം കൈക്കൊള്ളുകയും ഒരു മണിക്കൂറോളം താമസിച്ചു എല്ലാം കണ്ടശേഷം പോകയും ചെയ്തു.

൨. ടി. ധനുമാസത്തിൽ ക്രാപ്രകാരം കൂടിയുണ്ടായ തിരിഞ്ഞെടുപ്പിൽ മൂൻപ്രിയോരെത്തന്നെ സ്വീകരിക്കയാണ് ഉണ്ടായതു.

൧൯൦൨- മകരം ൨൰ാനു- ശുദ്ധ. കുബ്ബാനയുടെ ഏലിയാസച്ചൻ മരിച്ചു നമ്മുടെ പള്ളിയിൽ അടക്കപ്പെട്ടു.

ടി. പ്രിയോരച്ചന്റെകാലത്തിൽ പള്ളിയുടെ ജനലുകളും വാതിലുകളും പുതുപ്പിക്കയും കിഴക്കെനടവാതിൽ ഒന്നാക്കിക്കെട്ടുകയും അരണാട്ടുകരെ പഴിഞ്ഞാറെപള്ളി ഇടവക വെള്ളോട്ടുങ്കൽ മച്ചാൻ പ്രൂ എന്ന ആളുടെ ദാനമായി ടി. നടയിൽ ഒരു കുരിശുങ്കൽകുരിശു വെക്കയും ചെയ്തു.

൩. ൧൯൦൨ ധനുവത്തിലെ ആലോചനയിൽവച്ചു ംരം കൊവേന്തയുടെ പ്രിയോരായി ബ. യൌസേപ്പ് ശെമാൻസ്സോക്കച്ചൻ തെരിഞ്ഞെടുക്കപ്പെട്ടു. പുതുക്രിസ്തുവത്സരത്തിന്റെ പഠിനം ടി. മാസംതുടങ്ങി.

൧൯൦൩ ധനു ൯-ാനു- അത്യുന്നത സലെസ്ത്തി ദൈവഗേ

പ്രസ്താവിക്ക ഇവിടെ വന്നു.

ക്രൂബിലികളുടെ അവസരങ്ങളിൽ ന. അച്ചന്മാർ മുഖി മുട്ടി വളരെപേരെ കൂട്ടികളിൽ ധൃഷ്ടകെഴിച്ചു ജനങ്ങളെ ഒരുക്കി.

ഫൻറ-ൽ പ്രാചീനതാരക എന്ന നാട്ടത്തിൽ ഒരു പ്രതിമസപ്തുത്തും ഒരു വടക്കെപ്രദേശത്തിൽ ഒരു പുത്രവും ഇല്ലാതിരുന്നതിനാൽ കത്തോലീക്കരുടെ പ്രത്യേക ഉപയോഗത്തിന്നായി ആരംഭിച്ചു.

ടി. കാലത്തിൽ മുവൻഫ-ാകോലാമുതൽ തരക്കുന്നയിട്ടുള്ള വ്യവഹാര കാലത്തിൽ പല ഹർജികളും നടപ്പിലും കടവിന്നായിട്ടും അന്യകൃഷിക്കാരുടെ ശല്യം നടയിൽനിന്നും ഒഴിക്കുന്നതിന്നായിട്ടും അവകാശം പിടിച്ചിരുന്ന കോൽനിലം വണിതുടങ്ങുകയും വളരെ ചിലവു ചെയ്തെങ്കിലും ദൈവസഹായത്താൽ ഫൻറ-ൽ കൃഷി ഇറക്കി വിളവെടുക്കയുംചെയ്തു.

ഫൻറ ഫ്ങ്ങം ഫന്ന-ൽ ഈ കൊവേന്തയുടെ ആദ്യാമുതൽ വളരെ ബുദ്ധിമുട്ടിയിരുന്ന നമ്മുടെ അന്തോണി ദേവസ്സിഅച്ചൻ മരിച്ചു ഈ വള്ളിയിൽ അടക്കപ്പെട്ടു.

൪. ടി. ധനുമാസത്തിൽകൂടിയ പൊതുസംഘത്തിൽവച്ചു ഒരു കൊവേന്തയുടെ പ്രിയോരായി ബ. മറിയം ചെല്ലസ്തീനോസച്ചൻ തിരിഞ്ഞെടുക്കപ്പെട്ടു. അടുത്ത മീനത്തിൽ ഒരു മുക്കരിശിന്റെ കൈ ഒരു പ്രിയോരച്ചന്റെ കാലിന്റെ തള്ളവിരലിന്മേൽ വീണതുകാരണം മുൻ ഉണ്ടായിരുന്ന പ്രമേഹരോഗംനിമിത്തം മുറിവുവളരെ പഴുക്കയും അതിനോട്ടുകൂടെ ഒപ്പുണ്ടുകൊട്ടുക്കുക സ്ഥിതിയിൽ രോഗംവർദ്ധിക്കയും ഉണ്ടായി. എന്നാൽ തൃപ്തരും ചാലക്കുടിയിലും കൊണ്ടുപോയി വളരെ ചികിത്സ ചെയ്തുയാൽ ദൈവസഹായംകൊണ്ടു അഞ്ചാറുമാസത്തിന്നിടയിൽ സുഖംപ്രാപിച്ചു.

ക൯ംന്ദ- ഇടവം ക-ാംന്ദ- നമ്മുടെ സഭയുടെ സ്ഥാ
പ്രമാണം മൂന്നാം പ്രാവശ്യമായി ശാശ്വതമായിട്ടുറപ്പിച്ചു
അയക്കുന്നുയെന്ന റോമയിൽനിന്നു കിട്ടിയ അറിവുപ്രകാരം
ന. പ്രായോർ ജനറാളച്ചൻ ഉപകാരസ്മരണ ചെയ്യുന്നതി
ന്നു ഒരിയിച്ചതിൻവണ്ണം ടി. ആണ്ടു കക്കടകം ക്രന്ദ-ാം
ന്ദ- കമ്മലമാതാവിന്റെ തിരുനാൾക്കു പ്രത്യേകവിധം
ആഘോഷിച്ചു ഉപകാരസ്മരണ ചെയ്തു. എന്നാൽ ന്യായ
പ്രമാണംകിട്ടുന്നതിന്നിടയായതു ക൯ംബ്ൽ മുഴുവൻധ്യാന
ത്തിന്നു കുറെ മുമ്പത്രെ.

ടി. ആണ്ടു മകരം വ്-ൽ കു. ദി. മ്പ. സ. ബ്. യേശു
നാഥൻ ക്രൂസച്ചൻ മരിച്ചു ഈ പള്ളിയിൽ അടക്കപ്പെട്ടു.

പള്ളിയുടെ ഓട്ടു മാറുന്നതിന്നു ഏറിയകാലമായി
ആലോചിച്ചു വന്നിരുന്നതു ഒരം പ്രിയോരച്ചന്റെ കാല
ത്തിൽ നിവൃത്തിച്ചു. പുതുക്കിസ്സസ്ക്രൂളിന്നു അടിസ്ഥാനമി
ട്ടിരുന്നതു പണിതീർത്തു. അല്പകാരംതന്നെചില ചില്ലറകെ
ട്ടിടങ്ങളും നന്നാക്കുയും ഓടിട്ടകയും മറ്റും ചെയ്യുവരുന്നു.

പാരട്ടിയിൽ നമ്മുടെ ഹൈസ്ക്കൂളിന്നു റിക്കോഗ്നൈ
സ്യൻ കിട്ടുന്നതിന്നു വളരെ പ്രയാസമായിരുന്നതു ടി. പ്രി
യോരച്ചന്റെ പരിശ്രമത്താൽ സാദ്ധ്യത്തിലായിരിക്കുന്നു.

ക്വന്നക-ൽ കണ്ടശ്ശാംകടവപള്ളി ഇടവക താണിക്ക
ൽ പുറത്തേടത്തു ദുനീക്കോസ എന്ന നവസന്ന്യാസി ച
പ്പാൽ ക്രുന്മമാവ നവസന്ന്യാസഗ്രഹത്തിൽനിന്നു ഇവിടെ
വന്നു ചികിത്സിക്കയും അയാളുടെ വളരെ സ്തുതിക്കുതക്കജീ
വിതത്തിന്നു ഒത്തതായ ശുദ്ധമാകപ്പെട്ട മരണം പ്രാപിക്ക
യും ഇയളുടെ മേലുള്ള മതിപ്പുകൊണ്ടു പിന്നീട്ട തലയോട്ട
ക്രുന്മമാവിങ്കലേക്കു ശ്രേഷ്ഠാജ്ഞപ്രകാരം കൊണ്ടുപോക
യുംചെയ്തു.

൧൯-ാം അദ്ധ്യായം.

ശ്രീ കേ:വേന്തരുടെ പ്രത്യേക ഉപകാരികൾ.

൧. ഒന്നാമതു അരണാട്ടുകരെ ചിറമ്മൽ തരകന്മാരാണു. ഇവർ പണംകൊണ്ടും ബുദ്ധിമുട്ടുകൊണ്ടും ശ്രീ കൊ വേന്തക്കു വളരെ ഉപകാരസഹായം ചെയ്തിട്ടുണ്ടു. ഒരു കപ്പേളയും രണ്ടു കുസ്സാദിയും വലിയ വെള്ളിഅരുളികയും ഇവരുടെ സ്വന്തദാനമാണു.

൨. പിന്നത്തേതിൽ ഒല്ലൂർ തേറാട്ടിൽ കല്ലുക്കാരന്മാരാണു. ഇവരിൽനിന്നു പണംകൊണ്ടും ബുദ്ധിമുട്ടുകൊണ്ടും വളരെ സഹായമുണ്ടായിട്ടുണ്ടു്. ഒരു കപ്പേളയും തൃസ്സൂർ പുണ്യവാളത്തിയുടെരൂപവും ഇവരുടെ ദാനമായിരിക്കുന്നതുകൂടാതെ ടി. പുണ്യവാളത്തിയുടെ പെരുന്നാൾ ആണ്ടുതോറും ഇവരുടെ ചിലവിന്മേൽ കഴിച്ചുവരുന്നു.

൩. അരണാട്ടുകരെ അയിനിക്കൽ പൗത്തൊക്കാരൻമാത്തു കുഡുംബസഹിതംസമീപംവന്നു പാത്തു പലസഹായങ്ങളും കൊവേന്തക്കു ചെയ്തു ഭക്തിയായിട്ടുള്ളജീവിതംകഴിച്ചു അയാളും ൨൦ വർഷത്തിൻറശേഷം അയാളുടെഭാര്യയും ഇവിടെത്തന്നെ അവരുടെ ആയുഷ്കാലം കഴിച്ചുകൂട്ടി.

൪. അരണാട്ടുകരെ ഇടവക ചിറിയങ്കണ്ടൻ (കറുത്ത) ദേവസ്സി എന്നയാൾ കുഡുംബത്തോട്ടുകൂടെ ശ്രീ സമീപത്തു വന്നു പാർക്കയും സ്വല്പശമ്പളത്തോട്ടുകൂടെയെങ്കിലും ഏറയകാലം ഇവിടത്തെ കയ്യാദികൾ നടത്തുകയും ഇവിടെത്തന്നെ ആയുഷ്കാലം കഴിച്ചുകൂട്ടുകയും ചെയ്തു.

൫. മണലൂർ താണിക്കൽ കോടങ്കണ്ടത്തു സമ്പന്നനും കായ്സ്ഥനുമായിരുന്ന യൌസേപ്പ് എല്ലാം ഉപേക്ഷിച്ചു ഇവിടെവന്നു സന്ന്യാസികൾക്കുകൂടെ നല്ല ദൃഷ്ടാന്തമാകത്തക്കവണ്ണം ഒരു ജീവിതം കഴിച്ചു ൧൦൦- ക. പാട്ടം വ

രത്തക്ക ഒരു വസ്തു കൊടുക്കുന്നതിനും കൂടുതലായിതന്നെ കൂടുവാനുള്ള കുംഭത്തിൽ ആഗ്രഹിക്കുന്നതുകൊണ്ടു മരിച്ചു

൩. വലിയ തൊണ്ണൊസിനാൽ ഇരിക്കുന്ന രൂപം ഒല്ലൂർ എലുവത്തിങ്കൽ കാട്ടുക്കാരൻ കുരിയ പ്രഞ്ഞു ദാനമായിപ്പിക്കയും അയാൾ ജീവിച്ചിരുന്ന പല കാലം കന്നിവ്വ-ാംനു മാതാവിന്റെ പെരുന്നാൾ സന്തചിലവിനാൽ ആഘോഷിച്ചുവരികയുംചെയ്തു.

൪. ടി. കാട്ടുക്കാരൻ കുരിയ അയിപ്പു ന. കുത്താവിന്റെ തിരുഹൃദയരൂപം ദാനം തരികയും അയാൾ ജീവിച്ചിരുന്ന പല കാലം അയാളുടെ ചിലവാൽ ടി. തിരുനാൾ ആഘോഷിച്ചുവരികയുംചെയ്തു.

ടി. തിരുനാൾ മേലാൽ ആണ്ടുതോറും ആഘോഷിക്കുന്നതിന്നു അരണാട്ടുകരെ പടിഞ്ഞാറെ വള്ളിഇടവക വെള്ളോട്ടുങ്കൽ മച്ചാൻ പ്രഞ്ഞു വേണ്ടുന്ന പണം എല്പിച്ചിരിക്കുന്നു.

൬. പുതുക്കാട്ട മാളിയെക്കൽ ഒല്ലുക്കാരൻ അന്തോണി ഗ്രൂ. യെഴുസെ. സ്വരൂപം ദാനംചെയ്തുയും ടി. മദ്ധ്യസ്ഥതിരുനാൾ ടി. യാന്റെ ചിലവാൽ മുടങ്ങിയതായി ആണ്ടുതോറും കഴിച്ചുവരികയുംചെയ്യുന്നു.

വിശേഷിച്ചും സർവ്വനന്മയായ ഉണ്ണിമിശിഹായെ കരങ്ങളിലെന്തികൊണ്ടു, സന്തതിവർദ്ധനയും മറെറല്ലാനന്മയും ധാരാളമുയി നൽകുന്ന ഈ ശ്രീലോകരാജ്ഞിയുടെ സങ്കേതം തേടി ഈ വള്ളിയിൽ അങ്ങെ ശുദ്ധീകരിതിരുനാൽ കഴിച്ചു അവരുടെ ആഗ്രഹംപോലെയുള്ള നന്മപ്രാപിക്കയും പ്രത്യേമായിട്ടുഗ്രഹിച്ച സന്തതി തന്നെ തങ്ങളുടെ നന്ദി കാണിക്കുന്നതിന്നായി പെരുന്നാൾ കഴിക്കയുംചെയ്ത സംഭവങ്ങൾ മുടക്കമെറ്റു.

പക്ഷം. ൟ. വരി. ൟ൯. അബ്ദം ൨. സുബ്ദം ൭. പ. ൟ. ൪. വ. ൟ൭. ൟ. സ. ൨൯.



SOUVENIR
OF THE GOLDEN JUBILEE
OF THE CARMELITE CONVENT
OF S. MARY'S PURIFICATION.
ELTHURUTH-TRICHUR
1908.

